# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 6 ലക്കം 4 പേജുകൾ 44 ജൂലൈ 2025



## ഗോപയാകുന്നു ഞാൻ
ദർശനയുടെ കവിത

## വിചാരഘോഷങ്ങൾ
പഠനം: പി എൻ പ്രകാശ്

## കാർട്ടൂൺ കേരളം
എം ആർ ബാലചന്ദ്രൻ


JOS ALUKKAS
A TRADITION OF FINE JEWELLERY
Parampara
ANTIQUE & HERITAGE JEWELLERY
പഴയ സ്വർണം
എക്സ്ചേഞ്ച്
ചെയ്യുമ്പോൾ നേടൂ
100%
മൂല്യം
GOLD
വിവാഹ പർച്ചേസുകൾക്ക്
2.99%
മുതൽ പണിക്കൂലി
*T&C Apply
Round East, THRISSUR. Ph: 0487-2331812
Shop at josalukkasonline.com





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**





**'വ്യാപാരകേരളം' മാസികയുടെ പ്രഥമലക്കത്തിന്റെ മുഖകവർ ശ്രീ. ജോസ് ആലുക്കയ്ക്ക് എഡിറ്റർ സി.ആർ.രാജൻ സമ്മാനിക്കുന്നു. സ്പെഷൽ കറസ്പോണ്ടന്റ് ഫ്രാങ്കോ ലൂയിസ്, കറസ്പോണ്ടന്റ് സി.ജി. അശോകൻ, ജോസ് ആലുക്കയുടെ സഹധർമ്മിണി ശ്രീമതി ആനി ജോസ് എന്നിവർ സമീപം.**

**വ്യാ**പാരകേരളം ഡിജിറ്റൽ മാസികയുടെ പ്രഥമലക്കം പ്രസിദ്ധീകരിച്ചത് 2019 ഏപ്രിൽ ഒന്നിനായിരുന്നു. വ്യാപാരകേരളത്തിന്റെ മുഖശ്രീ എന്ന കാപ്ഷനോടെ ജോസ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ശ്രീ. ജോസ് ആലുക്കയുടെ മുഖചിത്രവുമായാണ് മാസികയുടെ ആദ്യലക്കം വായനക്കാരിലെത്തിയത്. സാമ്പത്തികവിദഗ്ധരുടെ അഭിമുഖങ്ങളും അവലോകനങ്ങളും ഉൾപ്പെടുത്തി, ഉൾക്കാമ്പിന്റെ കരുത്ത് പകരുന്നവയായിരുന്നു തുടർന്നുള്ള ലക്കങ്ങൾ.

സാമ്പത്തികവിഷയങ്ങൾക്കൊപ്പം സാംസ്കാരികരംഗത്തെ പുതുമകളും പിന്നെ മാസികയുടെ ഭാഗമായി. സർഗാത്മകരചനകൾക്ക്, വലിയ പരിഗണന മാസികയിൽ നൽകിയതോടെ, മാസികയുടെ പേര് പരിഷ്കരിക്കണമെന്ന് ആവശ്യം പല കോണിൽനിന്നും ഉയർന്നു. അങ്ങനെയാണ് 'വ്യാപാര കേരളം' 'മഷിപ്പച്ച'യായത്.

'വ്യാപാരകേരളത്തിന്റെ മുഖശ്രീ' എന്ന് മാസിക വാഴ്ത്തിയ ശ്രീ. ജോസ് ആലുക്ക, തന്റെ ജീവിതാനുഭവങ്ങൾ രേഖപ്പെടുത്തിയ പുസ്തകം ഈയിടെ വായനാകേരളത്തിന് സമ്മാനിക്കുകയുണ്ടായി. 'വ്യാപാരകേരളം' മാസികയുടെ ആദ്യലക്കത്തിന്റെ മുഖകവർ, ഒരോർമ്മപ്പെടുത്തലായി അന്ന് അദ്ദേഹത്തിന് സമ്മാനിച്ചു. മാസികയുടെ സ്പെഷൽ കറസ്പോണ്ടന്റ് ഫ്രാങ്കോ ലൂയിസ്, കറസ്പോണ്ടന്റ് സി.ജി. അശോകൻ എന്നിവരും തദവസരത്തിൽ സന്നിഹിതരായിരുന്നു.

**-സി.ആർ.രാജൻ,**
എഡിറ്റർ

# അകത്താളുകളിൽ


## കഥ
ബിജിലി പ്രബിൻ ................. പേജ് 28
അനിൽ മണ്ണത്തൂർ ............... പേജ് 30
രവീന്ദ്രൻ ........................... പേജ് 31
ഷംല ആവള ...................... പേജ് 36

## കാർട്ടൂൺ
എം. ആർ. ബാലചന്ദ്രൻ ........... പേജ് 5

## പുസ്തകപരിചയം
പി. എൻ. പ്രകാശ്. ............... പേജ് 20

## കുട്ടികളുടെ മഷിപ്പച്ച .. പേജ് 39


## കവിത
ദർശന ............................... പേജ് 6
ശ്രീജ വിജയൻ ..................... പേജ് 8
ശഫീഖ് അബ്ദുള്ള ............... പേജ് 9
രമാ പിഷാരടി ..................... പേജ് 10
അശോകൻ സി. ജി. .............. പേജ് 11
നിത്യാലക്ഷ്മി എൽ. എൽ. ...... പേജ് 12
ബഷീർ മുളിവയൽ .............. പേജ് 13
ടി. എം. പ്രിൻസ് ................... പേജ് 14
കയ്യുമ്മു കോട്ടപ്പടി ............... പേജ് 15
സരസ്വതി ബിജു .................. പേജ് 16
ശിവൻ തലപ്പുലത്ത് .............. പേജ് 17
നിബിൻ കള്ളിക്കാട് ............. പേജ് 18
നുഷ്റ സി. എച്ച്. ................. പേജ് 19








## കാർട്ടൂൺ കേരളം






എം. ആർ. ബാലചന്ദ്രൻ

# ഗോപയാകുന്നു ഞാൻ



(ശ്രീ കെ. അരവിന്ദാക്ഷന്റെ
ഗോപ എന്ന നോവലിനെ
ആസ്പദമാക്കി എഴുതിയ കവിത)



ദർശന

കവിത

ഏകയാണിന്നു ഞാൻ ഓർക്കുന്നുവോ
ശാന്തമായൊഴുകുന്നീയരുവിതൻ
ഓളങ്ങളേ നിങ്ങൾ, മറക്കില്ലയന്നു
ഞങ്ങളൊഴുക്കിയ മൺചെരാതുകൾ,
നേർത്തദീപനാളങ്ങളിലലിയുന്നൊരിരുളിൻ
ആളുമഹന്തകൾ നോക്കിയിരുന്നോടക്കുഴലു
വിളിച്ചവൻ അന്നേരമെന്റെയാ ഗായത്രി
വീണയിൽ ആർദ്രമാം രാഗങ്ങൾ
മെല്ലെയുതിർന്നതും
മറന്നുപോയോ നിങ്ങൾ, പുളിനങ്ങളേ,
അന്നെന്നെ മൃദുവായി പുൽകിയ ജലകണങ്ങൾ
ഒഴുകിമാറുന്നുവോ ഇന്നെന്റെ ചുളിവാർന്ന
വിരലുകൾ , തഴമ്പാർന്ന കാലടി സ്പർശിക്കേ,
സഹതപിച്ചൊരു നോട്ടമെയ്തു മറയുന്നുവോ
നക്ഷത്ര ജാലങ്ങൾ,
 അനുകമ്പയാൽ എത്തിനോക്കുന്നോ
മുഗ്ദ്ധയായ് കുമുദിപുഷ്പങ്ങളും.
ഇരുളെന്നെ ചൂഴുന്നൊരീ വൈശാഖസന്ധ്യയിൽ,
ഇവിടെ ഞാനേകയാണറിയുക.
പ്രിയ തോഴ , നിന്നിൽ നിന്നെന്നു ഞാൻ
മോചനം നേടിടും? അറിയില്ല , നീയെന്റെ
അന്തരാത്മാവിലെരിയവേ, വരിക ,
തരികെനിക്കുത്തരം.

## 2

നീ പ്രപഞ്ചമറിഞ്ഞവൻ
നിന്നെച്ചൂഴുന്നു പ്രകൃതിയും
ദേവദാരുപ്പൂക്കൾ പൊഴിയുന്ന
പാതയോരങ്ങളിൽ അലസനായ്
പ്രകൃതിയിലേക്കു നടന്നവൻ
പിപലവൃക്ഷച്ചോട്ടിൽ ഏകനായ്
ധ്യാനിച്ചിരുന്നവൻ ആർദ്രത വറ്റാത്ത
ഹൃദയത്തിലായിരം മാനവ ദുഃഖങ്ങൾ
നീറിപ്പിടിക്കയാലതുവെല്ലാൻ
ഹേതുവന്വേഷിച്ചു
സർവ്വം ത്യജിച്ചവൻ. മറന്നുവോ നിന്നിൽ
ഞാൻ ചുഴലിയായ്ചുറ്റിവരിഞ്ഞിടും
നേരത്തന്നെന്നിൽ നീ
ജീവപരാഗം ചൊരിഞ്ഞതും നാമൊന്നിച്ചെത്ര
നാൾ
കാത്തിരുന്നെന്നതും ഒടുവിലാ ജീവകണം
മുളച്ചൊരു കൊച്ചു തളിരിലയെൻമേനി
പുൽകിയതിൽപിന്നെ, അറയിലെ ദീപത്തിൻ
നാളമണച്ചൊരു കാറ്റിന്റെയൊപ്പം നീ കാണാത
ലിഞ്ഞുവോ?

## 3

എന്തിനായ് ഒരുപിടി ചുരുൾമുടി
നിന്നാത്മമിത്രത്തിൻ കയ്യിലെനിക്കായി
നല്കി നീ?
 ഒരു ജീവിതത്തെ നിഷേധിക്കാനാകുന്നു
ഏതുപുരുഷനും, അറിയുന്നു.
നീയത് കാണാതെപോകുന്നു.
മുക്തിനൽകീടുവാനാകില്ലെനിക്കുനിൻ
അന്തരാത്മാവിനെന്നിൽനിന്നറിയുക,
നിൻ ദേഹി മാത്രമാണലയുന്നതീ
കുങ്കുമപ്പൂക്കളൊഴുകുന്ന പാതയിൽ.
അസ്തമിക്കില്ല, നീയെന്ന പുരുഷനിൽ,
ഒടുങ്ങുന്നതില്ലയീ, കാമത്തിന്നാസക്തി,
എന്നറിഞ്ഞതിനാലോ എന്നെവെടിഞ്ഞു നീ?

## 4

നീ ബുദ്ധൻ, കാലത്തെ ജയിച്ചവൻ, കാമത്തെ,
മരണത്തെ, മുക്തിനേടുന്നതിൻ
ബന്ധനങ്ങളിൽ നിന്നും, അനേകമാസക്തികൾ,
നശ്വരതയിൽ നിന്നുമെന്നിട്ടും നീയറിഞ്ഞില്ലയെന്നെ ,
എന്നിലെ സ്ത്രീയെ, അനാദികാലം
മുതലെന്തും ത്യജിക്കുവാൻ
ഏതു സ്ത്രീക്കും ത്രാണിയുണ്ടെന്ന സത്യത്തെ .
എന്നിലെ മോഹമടക്കുവാൻ പ്രാപ്ത ഞാൻ ,
നീ പുരുഷൻ, ആസക്തിക്കടിപ്പെട്ടോൻ,
ത്യജിക്കേണമെന്നെയും നിർമുക്തനാകുവാൻ.

## 5

നീ വ്യംഗ്യത്തിലൂടെ ജയിപ്പവൻ ,
എന്തിനായീ വൃഥാ മോഹമുണർത്തുന്നൊരമ്മയിൽ,
ആരും മരിക്കാത്ത വീട്ടിൽ നിന്നൊരു
മണികടുകുമായ് എത്തിയാൽ, പുത്രനെ
രക്ഷിക്കാമെന്നു വാക്കേകുന്നു .
പരമാർത്ഥമറിയാമെനിക്കു, ഞാൻ അലയാൻ
വിടില്ലയൊരമ്മയെയും, കപടന്യായോക്തികൾ
കൊണ്ടു ബോധ്യപ്പെടുത്തുവാനാകില്ല ,
ഒരുനാളും, നിവർത്തിക്കാനാവില്ല,
മർത്ത്യജന്മത്തിൻ കൊടുംനോവുകൾ.

## 6


ജീവകല , എല്ലാമേ സ്വീകരിക്കുന്നു
തൻസഹജഭാവത്തിൽ, പ്രകൃതിപോൽ,
തിരസ്കരിക്കില്ലിവിടെയൊന്നിനേയും .
ഈ ചാവുഭൂമികയിന്നുണരുന്നു
ജലഞരമ്പുകളുള്ളിൽ പിടയ്ക്കുന്നു .
ജലമർമ്മരങ്ങളറിയുന്നു കർണ്ണങ്ങൾ.
ഇവിടെ പ്രപഞ്ചത്തെയറിയുന്നു .
അതിജീവനത്തിൽ മുക്തിതേടുന്നു .

## 7

ബുദ്ധനായീടുവാനാകില്ലയാർക്കുമേ,
ഒന്നുപോൽ ഒന്നുമില്ലെന്നുമീ ഭൂമിയിൽ,
എന്നിട്ടും , എന്തിനീ പാഴ്ശ്രമം, അറിയുക,
എല്ലാമേ വ്യതിരിക്തം, പകർപ്പല്ലയൊന്നുമേ.
അറിയുന്നു ഞാനെന്റെ അന്ത്യ
നിമിഷങ്ങളിന്നാഗതമാകുന്നു. വരിക
നീ ഗോതമബുദ്ധാ, പറയുക ,
എന്തിനായെന്നെ ത്യജിച്ചു നീ?
നിന്നിലെ ബുദ്ധത്വം പൂർണത പ്രാപിക്കാൻ
എന്റെ സാന്നിദ്ധ്യവും വേണ്ടതല്ലേ?



# അവളിടം



അവൾ ,
തോല്ക്കുന്നതും ,
വിജയിക്കുന്നതുമായ
പോരാട്ട ഭൂമിക.
ക്രമംതെറ്റിയ ഹൃദയമിടിപ്പുകൾ
ചിട്ടപ്പെടുത്താനുള്ള ഒറ്റമൂലി.
ഒരു ചെറു പുഞ്ചിരി.

ധന്യവും സഫലവുമായ
ജീവിതത്തിന് കുറിപ്പടി
മാറ്റിമാറ്റിയെഴുതി
അനുഭവങ്ങളുടെ മഞ്ഞും,
മഴയും വെയിലുമെല്ലാം
മാറ്റി മറിച്ച കാലാവസ്ഥ.
മറവിയുടെ ആഴങ്ങളിലേക്ക്
അപ്രത്യക്ഷമാകാൻ
വിസമ്മതിക്കുന്ന ഏകാന്തയാനങ്ങൾ.
കാലത്തിനു മേൽ നിരന്തരം
കൊത്തിവച്ച വാക്കുകളുടെ വിഷാദയോഗം.
ആൾക്കൂട്ടത്തിൻ
ആരവങ്ങൾക്കകലെ
ഒറ്റപ്പെടലിൻ,
നിഴൽ മരം.
അന്തി വാനിൻക്കീഴിലെ
അരണ്ട നാട്ടു വെളിച്ചം .
ജീവിതത്തിലെ
പ്രശ്നങ്ങൾ ജീവിതത്തേക്കാൾ
വലുതല്ലെന്ന സൗമ്യമായ ,
ഓർമപ്പെടുത്തൽ.
സുഗന്ധ സ്മരണ



ശ്രീജ വിജയൻ



# ചിതലരിച്ച ലൈബ്രറി



ശഫീഖ് അബ്ദുല്ല

വായനാദിനത്തിലെ
ഫോട്ടോഷൂട്ടിനായാണ്,
കാലങ്ങളായടച്ചിട്ട
പഴയമയുടെ 'തനിമ'
നിലനിർത്തിപ്പോന്ന
വായനശാലയിലേക്കന്ന്
കാലെടുത്തുവച്ചത്.

'മതിലുകൾ' കയ്യടക്കിയ
ചിതൽക്കൂട്ടങ്ങൾപോലും
വായനാപ്രേമികളായിട്ടും,
തൊട്ടടുത്ത വായനശാലയിൽ
നാളിതുവരെ കയറിനോക്കാത്ത
എന്നോടെനിക്ക് പുച്ഛംതോന്നി.

'സുന്ദരികളും സുന്ദരന്മാരു'മായി
നിന്നിരുന്ന എത്രയെത്ര
പുസ്തകങ്ങളിലാണ്
ചിതലുകളവരുടെ പൈദാഹം
തീർത്തിരിക്കുന്നത്!?

'ശബ്ദങ്ങൾ'
പുറത്തുകേൾക്കാനാവാത്തവിധം
അടച്ചിട്ടാൽപ്പിന്നെ,
ചിതലുകളുടെ
കയ്യേറ്റങ്ങൾക്കെതിരെയുള്ള
പ്രതിഷേധസ്വരങ്ങൾ
ആരുകേൾക്കാനാണ്?

കണ്ടമാത്രയിൽ
ഉദ്ദേശശുദ്ധി മനസ്സിലായിട്ടാവണം,
'രമണൻ' അലമാരയുടെ
പൊടിപിടിച്ച
ചില്ലുഗ്ലാസ്സിലൂടെയെന്നെ നോക്കി
കളിയാക്കിച്ചിരിച്ചു.
'ഇന്ദുലേഖ'യുടെ ചിരിയുടെ
ലക്ഷ്യവും മറ്റൊന്നാവാനിടയില്ല.

ചുമരുകളിൽ വരച്ചിട്ട
ഭൂപടങ്ങളിലൂടെ
വായനയുടെ ലോകം
'കീഴടക്കു'ന്നതുകണ്ട്
ചിതലുകളോടെനിക്ക്
കടുത്തദേഷ്യത്തോടൊപ്പം
അസൂയതോന്നി.

ഇത്രമനോഹരമായ
വായനാശാലയുണ്ടായിട്ടും
സംരക്ഷിക്കാനാവാത്ത
'ഒരു ദേശത്തിന്റെ കഥ'യാലോചിച്ച്,
നാട്ടുകാരനെന്ന നിലയിൽ
വായനശാലയുടെ
'ദുരവസ്ഥ'യിലെനിക്ക്
കുറ്റബോധം തോന്നി.

പുറത്തേക്കുള്ള വാതിലിൽ പതിച്ച
കുഞ്ഞുണ്ണിമാഷിന്റെ
നാലുവരിക്കവിതയും വായിച്ച്,
കഴുക്കോലിൽ തലതട്ടാതിരിക്കാൻ
കുമ്പിട്ടു 'വളഞ്ഞ്' ഞാൻ
വായനശാലയുടെ പടികളിറങ്ങി.





രമാ പിഷാരടി

# ഇത് പൂക്കാലമാണ്

ഇത് വെളിച്ചത്തിന്റെ-
പൂവുകൾ മുറ്റത്ത്
തിരിയിട്ട് നിൽക്കുന്നൊ-
രയനകാലപ്പകൽ

ഇത് സൂര്യകാന്തിയുടെ,
തുമ്പയുടെ  പൂവിടീൽ
ഇത് ചെമ്പരത്തിയുടെ-
ചെന്തീക്കനൽക്കുട

കദളിയുടെ പൂവിതൾ,
നാട്ടുമന്ദാരത്തിനിലകൾ,
പനിനീർറോസ്, നാട്ടു-
ചെത്തിക്കുട

വരികൾ തെറ്റാതെ-
വിരിഞ്ഞ് നിൽക്കും തരി-
ച്ചിറകുള്ള മുല്ലകൾ,
വെള്ളിലപ്രാവുകൾ!

കനലുരുക്കി കടുക്കൻ-
പൂവലുക്കുകൾ
കവിളിലൊരു  മുത്ത-
മിട്ടാവണിക്കാറ്റല

അമൃതവള്ളിക്കും-
കെടാതെ വാടാമുല്ല-
യതിരിട്ട് നിൽക്കും
നടപ്പാതയൊന്നിനും

പവിഴമല്ലിക്കും പൊഴിഞ്ഞ-
പൂത്തണലിനും,
നറുസുഗന്ധത്തിന്നിലഞ്ഞി-
വൃക്ഷത്തിനും

കനവറ്റ് നിൽക്കും-
മഴക്കാറ്റിനിടയിലായ്
പുതിയ പൂച്ചെണ്ടിന്റെ-
കാവടിപ്പൂവിനും,

സ്ഫടിക കൂടിൻ-
ചിത്രശലഭസമാധിയെ-
ഉയിരിലേറ്റുന്നരളി-
മലരിയുടെയിലകൾക്ക്

കസവ് നൂൽ പാകുന്ന-
ബന്തികൾക്കിടയിലായ്
നിറമിട്ട് പോകുന്ന
പച്ചിലക്കൂട്ടിന്ന്
മയിലാഞ്ചി മണമുള്ള-
കൈയിൽ തലോടുന്ന-
കുടമുല്ലകൾക്കും, കുട-
ച്ചെത്തിയുണർവിനും

കതിർ കൊയ്ത പാടത്ത്,
കായലിൻ ഹൃദയത്തിൽ
കനവ് നെയ്തുണരുന്നൊ-
രാമ്പലിൻ പൂക്കൾക്ക്

സ്മൃതികൾക്ക്, കസവിന്റെ-
പുടവയ്ക്ക്,  കൊയ്ത്തിന്റെ
നിറവിന്ന് പ്രളയം കടന്ന-
കാലങ്ങൾക്ക്

മഴകൾക്ക് ശേഷം വരും-
പ്രകാശത്തിന്റെ
തരികളിത്  ഭൂമിയുടെ
പൂക്കാലമാണിത്..

കവിത

# നിർത്തൂ.. നരവേട്ടകൾ.. പുലരട്ടെ സമാധാനം

ധാർഷ്ട്യം പെരുത്തവർ പരസ്പരം
തൊടുത്തു വിട്ട മിസ്സൈലുകൾ
ദുരിതപ്പെയ്ത്തായി ഇരു രാജ്യങ്ങളെയും
തകർത്തല്ലോ..
കെട്ടിയുയർത്തിയ
കോട്ടകൊത്തളങ്ങൾ ആകാശം മുട്ടെയുള്ള
പെരുംഗോപുരങ്ങൾ
ആണവനിലയങ്ങൾ
കോൺക്രീറ്റ് കവചിത ആയുധപ്പുരകൾ..
ചിതറിത്തെറിച്ചു
കിടക്കുന്നു കെട്ടിടാവിഷ്ടങ്ങൾ
ശവക്കോട്ടയിലെന്നപോൽ...
ട്രംപ് ദിശ തീർത്ത വഴിയിലൂടെ,
നെതന്യാഹു തൊടുത്തു വിട്ട മിസൈലുകൾ..
യുദ്ധാഗ്നിയിൽ
ചിതതീർത്ത നരജന്മങ്ങൾ
അശാന്തിയിലെരിയുന്ന
തെരുവോരങ്ങൾ..
കുടുങ്ങിപ്പോയ കോൺക്രീറ്റ്
അവശേഷിപ്പുകൾക്കിടയിൽ
നിന്നും ഉയരുന്നൂ..
നിലക്കാത്ത രോദനങ്ങൾ
നൊമ്പരത്തിരകളിലലയുന്നൂ ..
മർത്ത്യമാനസം.
അടങ്ങാത്ത വിശപ്പിൻ
രോദനങ്ങളുയരുന്ന
പൈതലിൻ
കണ്ഠങ്ങളിലേക്ക്
ചീറിയലച്ചെത്തുന്നൂ
വെടിച്ചീളുകൾ...
സമാധാനപ്രാവുകൾക്ക് പകരം
അന്തരീക്ഷത്തിൽ രക്തദാഹികളായ
വേട്ടക്കഴുകർ വട്ടമിട്ടു പറക്കുന്നു..
താഴെ സുരക്ഷിത താവളങ്ങൾ തേടിയലയുന്ന
അനാഥജന്മങ്ങളാണ



അശോകൻ.സി.ജി.

വരുടെ ലക്ഷ്യം..
ഉരുക്കുസംരക്ഷിത കവചങ്ങൾക്കകത്തിരുന്ന്
ട്രംപും,ഖമീനിയും,
നെത്യാഹുവും
സമാധാന ചർച്ചകൾക്കായി ഒരുങ്ങുമ്പോൾ
ഇവിടെയിതാ
സാധാരണ ജനങ്ങൾ
വെടിയുണ്ടകളിൽ
നിന്ന് രക്ഷനേടാൻ ബങ്കറുകളേക്ക് ഓടുന്നു..

യുദ്ധവെറിയരേ..
നിർത്തൂ...
നിങ്ങളുടെ നരവേട്ടകൾ..
പുലരട്ടേ ലോകമെങ്ങും സമാധാനം..

# ഇരുൾ



നിത്യാലക്ഷ്മി. എൽ. എൽ



അതൊരു ഇരുണ്ട
സ്വപ്നമായിരുന്നു.
ഇരുണ്ടത്;
രാവോളം ഇരുണ്ടത്!
ജലകണികകൾ
കുളിപ്പിച്ചൊരുക്കിയ
കനലിനോളം ഇരുണ്ടത്!
അതിനെ,
പകലോളം വെളുപ്പിക്കാൻ,
പനിനീര് പോലെ,
തെളിച്ചെടുക്കാൻ,
നിലാവിൽ നിർത്തി
ചിരിപ്പിച്ചെടുക്കാൻ,
എത്ര കൊതിച്ചു?
എത്ര!
ആ വിടർന്ന കണ്ണുകളിൽ,
ചെന്ന് കയറുവാൻ...
ആ ചുവന്ന ഹൃദയത്തിൽ,
നടന്നു കയറുവാൻ...
കെടാത്ത വിളക്കുകൾ
എത്രയെടുത്തു ഞാൻ, എത്ര!
ആ കാതിൽ,
കിലുങ്ങിച്ചിരിക്കുവാൻ മാത്രം
താളം കൊട്ടിയ കുപ്പിവള,
ആ കണ്ണിൽ,
നൃത്തം വയ്ക്കുവാൻ മാത്രം
ഞൊറിയെടുത്ത ധാവണി,
ആ ചുണ്ടിൽ,
താരങ്ങൾ തെളിയുവാൻ മാത്രം
തിരിയിട്ട മുല്ലമൊട്ടുകൾ...
അങ്ങനെയൊരിഷ്ടം!
എന്തൊരുതരം ഇഷ്ടം;
ജീവനേ, ജീവനേ
എന്ന് വിളിച്ച്,
കൊതിച്ച്,
കാത്ത് വച്ച്,
പ്രണയപൂർവ്വം ഞാൻ
ഒതുക്കി വച്ചൊരിഷ്ടം!
ഒളിച്ച്, മറച്ച്,
വേവ് പിടിച്ച് കത്തിച്ച്,
നിലത്തൊന്നും വയ്ക്കാതെ,
കൊണ്ടുനടന്നൊരിഷ്ടം!
എത്ര കാത്തു ഞാൻ
ആ മിഴി നോക്കി,
ചിരിച്ചുകൊഞ്ചിപ്പറയുവാനെത്ര!
ഒടുവിൽ,
അരികിലേക്ക് ചേർന്ന് ചേർന്ന്,
കൈകളിത്തിരി വിറച്ച് വിറച്ച്,
ഒരു വട്ടം നോക്കിയ നോട്ടം
തകർത്തു പൊട്ടിച്ചതെത്രയെൻ
കിനാവുകൾ;
അവന്റെ കണ്ണിൽ,
തടിച്ചു പൊന്തിയ
എന്റെ നെഞ്ചം!
അവന്റെ ചിരിയിൽ,
സാരി നീങ്ങിയ എന്റെ ഉദരം!
കാമത്തിന്റെ കനലിൽ,
അവന്റെ നൃത്തം!
എന്റെ ഹൃദയം,
വേവ് വറ്റിയെത്ര കരഞ്ഞു?
എത്ര!
എന്റെ ഇഷ്ടം,
വളർന്നില്ല,
തളിർത്തില്ല,
പൂവിട്ട് ചെന്ന്,
പ്രണയത്തിന്റെ ചില്ലയിൽ
ഊഞ്ഞാല് കെട്ടിയില്ല!
ജനിക്കും മുൻപേ,
അത് മരിച്ചു പോയി.
വിടരും മുൻപേ,
അത് കൊഴിഞ്ഞു പോയി.

# ഡയറിക്കുറിപ്പ്



ബഷീർ മുളിവയൽ

പ്രിയപ്പെട്ടവളെ
നിന്നെ പിരിഞ്ഞതിന്റെ സങ്കടം
അലിയിച്ചു കളയാൻ ഞാനൊരു
ചായ കുടിക്കുകയാണ്

ഒരു ചായയിൽ അലിഞ്ഞു പോകുന്ന
വിരഹം മാത്രമെ നമ്മുടെ വേർപാടുകൾ
ക്കിടയിലുള്ളൂ എന്ന് നീ പരിഭവിക്കും

ഒരു ശ്രമം എന്നുമാത്രം കരുതുക
ചായയിൽ വീണ ഒരു ഉറുമ്പ് അതിൽ നിന്ന്
രക്ഷപെടാൻ സ്വന്തം കാലുകൾ ഇളക്കും പോലെ
എത്ര മധുരിക്കുന്ന ഒരു ജീവതത്തിൽ
നിന്നാണ് അത് പെട്ടെന്ന്
അപകടത്തിന്റെ അങ്കലാപ്പിൽ പെട്ട് പോയത്
നമ്മളും അത് പോലെ തന്നെ
മധുരിക്കുന്നജീവിതത്തിൽ നിന്ന് പെട്ടെന്ന്
വേർപാടിന്റെ ദൂരത്തേക്ക് വലിച്ചെറിയപ്പെട്ടിരിക്കുന്നു



പുറത്ത് വെയിൽ തിളങ്ങുന്നുണ്ട്
കൊല്ലന്റെ ഉലയിലുള്ള ആയുധത്തിന്റെ
വായ്ത്തല പോലെ

ഈ മരിഭൂമിയുടെ അങ്ങെ അതിരിൽ
തീ മഴ പെയ്യുന്നു
മനുഷ്യർ മഴയിൽ പിറക്കുന്ന ഈയാം
പാറ്റകൾ പോലെ പറന്നുയരും മുൻപ്
ചിറകുകൾ അറ്റു പിടഞ്ഞു മരിക്കുന്നു

പരസ്പരം സ്നേഹിച്ചിരുന്നുവെങ്കിൽ
മരുപ്പച്ചയാകേണ്ട ഇടങ്ങളാണ്
വെറുപ്പിൽ വെന്ത് മരുഭൂമിയാകുന്നത്

വളരെ ചെറിയ ഈ ജീവിതത്തിൽ
മനുഷ്യരെന്തിനാണ്
ഇങ്ങനെ മത്സരിച്ചു ദുഖങ്ങൾ വിളയിക്കുന്നത്
എന്ന് മനസ്സിലാകുന്നില്ല

അല്ലെങ്കിലും നമുക്ക് മനസ്സിലാകാത്ത
ഒന്നാണല്ലോ ജീവിതം
എന്തിനാണ് പിരിഞ്ഞിരിക്കുന്നത് എന്ന്
പോലും നമുക്ക് നിശ്ചയമില്ലല്ലോ

ചായയിൽ നിന്ന് ഞാനാ ഉറുമ്പിനെ
പഞ്ചസാര ഭരണിയിലേക്ക് രക്ഷപ്പെടിത്തിയിട്ടുണ്ട്
ജീവിതം മധുരിക്കാൻ നമ്മുടെ കൈകൾ
കാരണമാകുന്നതിലും പുണ്യം മറ്റെന്തുണ്ട് .

# മഴ



മാനത്ത് കാറുകൊള്ളുമ്പോൾ
കെട്ടിമേയാത്ത വീടിന്റെ
ദ്രവിച്ച മേൽക്കൂരയ്ക്കി ടയിലൂടെ
ആകാശം നോക്കി ആലോചനയിലാണ്ടിരിക്കും
അച്ഛൻ..
പുലർച്ചെക്കൊ, അർദ്ധരാത്രിക്കൊ,
ജീർണ്ണിച്ച ഓലയ്ക്കിടയിലൂടെ
വന്ന് മഴ
ഉറക്കം കെടുത്തുമ്പോൾ വിളിച്ചുണർത്തി
കീറിയ തഴപ്പായ മുറിയുടെ
മൂലയിലേക്ക് വിരിച്ചു
അതിലെന്നെ കിടത്തി
അടുത്തിരുന്നു നാമം ജപിക്കാൻ
തുടങ്ങും അമ്മ.
വെള്ളം ഇറ്റ് വീഴുന്ന
ചോർച്ചകൾക്ക് താഴെ
ചട്ടിയും കലവും നിരത്തിവെച്ചു
എപ്പോഴോ
പാതിവലിച്ചുവെച്ചിരുന്ന
ബീഡി കുറ്റിയിൽ
തീപുരട്ടി വലിക്കാൻ തുടങ്ങും, അച്ഛൻ.
പുറത്തു മഴയ്ക്കൊപ്പം വെയിലും പെയ്ത്
തുടങ്ങുമ്പോൾ
അടുപ്പിലെ ചാരം വാരി
നനഞ്ഞ വിറകൂതി
കാപ്പി തിളപ്പിച്ച്
ഊതി കുടിച്ചു
ഉടലും ഉള്ളും ചൂടുപിടിപ്പിക്കുമ്പോൾ
ദൈവത്തിന്റെ ചിത്രത്തിന് മുന്നിൽ
കത്തിക്കുന്ന ഓട്ട് വിളക്കെടുത്തു
തുണിയിൽ
പൊതിഞ്ഞു
മുറ്റത്തേക്കിറങ്ങിക്കൊണ്ട്
അച്ഛൻ പറയും...
ഞാനിതാ, പാത്രക്കടയിൽ കൊണ്ട്
പണയം വെച്ച് എന്തെങ്കിലും വാങ്ങി വരാമെന്ന്...
നിസംഗതയോടെ
മഴയിലൂടെ നടന്നു പോകുന്ന
അച്ഛനെനോക്കികൊണ്ട്
അമ്മയെന്നോട് പറയും
പോയി വല്ലോം പഠിക്കാൻ.
മെഴുകിയ തറയിലിരുന്നു
പുറംചട്ട പോയ പുസ്തകത്തിന്റെ
താളുകൾ മറിച്ചുഞാൻ വായിച്ചു തുടങ്ങും
പാഠം രണ്ട്
        പശു.
അമ്മ എനിക്ക് കാച്ചിയ പാൽ തരും
അത് കുടിക്കാഞ്ഞാൽ
അമ്മ കരയും.എന്തിനാണ്
അമ്മ കരയുന്നത്?
ഞാൻ അച്ഛനോളം വലുതാകണം.
അതാണ് അമ്മയ്ക്ക് ഇഷ്ടം.
വരികൾക്കിടയിലെ വാക്കുകളെ ഉച്ചത്തിൽ
വായിക്കുമ്പോഴും
പണയം വെച്ച കാശിനു
ഇലയിൽ പൊതിഞ്ഞ ചൂട് ദോശയും
ചമ്മന്തിയും വാങ്ങി
വരുന്ന അച്ഛനായിരിക്കും മനസ്സിൽ.
അപ്പോഴും ഇടമുറിയാതെ പെയ്യുന്ന മഴയിൽ
മുറ്റത്തെ വെള്ളകെട്ടിലേക്കടർന്ന് വീണ
ഇലയിൽ
അഭയം തേടിയ
ഉറുമ്പുകളെ നോക്കിയിരിക്കുകയാവും അമ്മ.



ടി. എം. പ്രിൻസ്.

# നനഞ്ഞുകുതിർന്ന ഒരു കവിത



കയ്യുമ്മു കോട്ടപ്പടി

മഴ,
വേദനയുടെ നീറ്റത്തിൽ
നിന്ന്
മൗനത്തിന്റെ വേവിൽ
നിന്ന്
ചിറകടിച്ച്, വീണ്ടും
കാർമേഘങ്ങളിലേയ്ക്ക്
നനഞ്ഞു കുതിരാൻ
മരിച്ച ഉയിര് പോലെ
കനത്തു തുള്ളി
തകർത്തു പെയ്യുന്നു!

വീശിയടിച്ച കാറ്റിൽ
അടിച്ചു പൊളിച്ച്
പേറ്റ്നോവിന്റെ
വെയിലുദിച്ചപ്പോൾ
പുതുമുളകങ്ങൾ പൊട്ടി
വീണ്ടും തകർത്തടിക്കുന്നു!


ചിറകുകൾ വിരിച്ച്
നീലിമയിൽ ഉമ്മ വെച്ച്
ഞാനെന്റെ പ്രണയത്തിന്റെ
താണ്ഡവത്തിൽ
ആകാശം അഴിഞ്ഞു -
വീണ ഉടയാടയുടെ
നീലച്ചന്തത്താൽ
എഴുതാൻ ബാക്കിനിറുത്തിയ
കവിതയിൽ
നനഞ്ഞു കുതിരുന്നു....

മനസ്സിൽ പുളകം
ചാർത്താൻ....
നിശാരാവിൽ മയക്ക -
മുണർത്താൻ....
പകലുകളിലെ എരിഞ്ഞു
തീർന്ന വെയിൽ മുറിച്ച്
ഞാനെങ്ങോട്ടോ
നടന്നുപോകുന്നു..



കവിത

# ഉടഞ്ഞവന്റെയും, ഉടയാത്തവന്റെയും നോട്ടുകൾ





സരസ്വതി ബിജു

ഉടഞ്ഞവരുടെ നോട്ടുകൾ എപ്പോഴും
ചുരുട്ടിക്കൂട്ടി പഴകി നനഞ്ഞൊട്ടി, ഉള്ളു കീറി,
ഗാന്ധിയെ തിരിച്ചറിയാതെ,
അശോകസ്തംഭത്തിന്റെ
ആരക്കാലിൽ തട്ടി മടങ്ങി നിന്ന്,
നടുവിലൊരോട്ട വീണ്, പശയൊട്ടിച്ച്,
നോട്ടിന്മേൽ പട്ടിണിയുടെ കഥ പറയുന്നു.

മീൻ മണം ചോരാതെ, വിൽക്കപ്പെടുന്ന
മാംസങ്ങളുടെ ചോരയും നീരും വറ്റി,
കറകളഞ്ഞ പുഞ്ചിരിയോടെ, ഉള്ളിലെ
പോക്കറ്റിൽ നിന്നും,
മുണ്ട് മാറ്റി,
ട്രൗസറിന്റെ കീശയിൽ നിന്നും.
കീറിയ പേഴ്സിൽ നിന്നും,
തിരഞ്ഞുപിടിക്കുന്നു.
മറ്റ് ചിലപ്പോൾ
രാവെളുക്കുവോളം,
എന്റെത്, നിന്റെ തെന്ന തിരിച്ചറിയാത്ത
വിയർപ്പു മണവും, ബീജവുംപേറി,
വെട്ടമെത്തുമ്പോൾ
കാത്തിരിക്കുന്ന കുഞ്ഞു കണ്ണുകളെ ഓർത്ത് ,
ധൃതിയിൽ തിരുകി കയറ്റി ഒളിപ്പിച്ച നോട്ടിന്റെ
പുറത്ത് ബ്രെയ്സറിന്റെ പാടുകളുണ്ടായേക്കാം.

തന്റെ മാത്രം കുറ്റമെന്ന രീതിയിൽ
രാത്രികളെയും പകലുകളെയും
ന്യായത്തെയും പേടിച്ച്, ഉപയോഗ ശേഷം
വലിച്ചെറിഞ്ഞ ട്രാൻസ്ജന്റെ റുകളുടെ ആർക്കും
പറഞ്ഞാൽ മനസിലാകാത്ത, കണക്കിലെടുക്കാത്ത
അവകാശം,
പിടിച്ചു പറിച്ചെടുത്ത നോട്ടിൽ
കണ്ണീരുണങ്ങിയ പാടുണ്ടായേക്കാം.

ഈ നോട്ടുകളെല്ലാം
എന്റെ രാജ്യത്തിന്റെ ദാരിദ്രമളക്കുന്നു.

വീണ്ടും

മാസത്തിൽ കിട്ടുന്ന നോട്ടുകൾക്ക്
കേടുപാടുണ്ടാവില്ല,
എണ്ണി തീരും മുമ്പ് കടങ്ങളും പരാധീനതകളും
തീർക്കനല്ലേയുള്ളു.

മറ്റൊരിക്കൽ,

കമ്മട്ടം കൈയ്യിലേന്തി,
കളറാക്കി,
പെട്ടിയിലാക്കി,
കുഴലിലാക്കി,
ബാങ്കുകൾതോറും കയറിയിറങ്ങി,
പുതുമണം മാറാതെ,
ഉടയാതെ,ഉലയാതെ,
ഉള്ളവന്റെ കയ്യിൽ മാത്രം വന്ന് പതിച്ച്,
ഗാന്ധിയെ പ്രതിക്കൂട്ടിലാക്കി,
ആരക്കാലുകൾക്ക് വളവുണ്ടാക്കി,
എണ്ണം തെറ്റിച്ച്,
കണക്ക് കൂട്ടലുകൾ പിഴച്ച്,
ഓരോ ഉടയാത്ത നോട്ടും
സഫാരി സ്യൂട്ടണിയുന്നു.

# മിഴിനീർപൂക്കൾ



ശിവൻ തലപ്പുലത്ത്

എന്റെയീ മാനസ വീണകൾ പാടുന്നു
ഏന്തുവാനറിയാത്ത
ദീപതപോവാണികളിൽ

ഞാനതിൽ ശ്രുതികളെ അലിയിച്ചു കാറ്റിൽ
മെല്ലെ നിറയ്ക്കുവാൻ നിന്റെ
സ്വനവീചികൾ നയനങ്ങൾ

അമരത്വമൂറുന്ന സ്മൃതികളെ തഴുകട്ടെ ശൈശവം
സൂര്യ കിരണങ്ങളിൽ ഇളകുന്ന നൂപുരം

ഇനിയും വിടരുവാൻ വയ്യാത്ത മൊട്ടെന്നറികിലും
തലോടുവാൻ വന്നു
എൻ ചാരെ നീ
ചൊരിഞ്ഞു നിൻ നീരും സുഗന്ധവും

വേരുറയ്ക്കുവാൻ വെളിച്ചവും തന്നിട്ട്
ഒരേകാന്ത സന്ധ്യയിൽ എങ്ങോ മറഞ്ഞു പോയ്
.
കാറ്റിൻ കരങ്ങൾ വഹിയ്ക്കുന്നു സാന്ത്വനം
ഈ സിക്ത ജീവനത്തിനു പാഥേയമായ്

നമ്മൾ രണ്ടും നിളയുടെ പുളിനങ്ങളിൽ
മണൽ തിട്ടകളിൽ
സ്വാർത്ഥ നീതികളുടെ ചിതൽപുറ്റ് തിരഞ്ഞവർ

എന്നിട്ടും വ്യർത്ഥമോഹങ്ങളുടെ സാമഗാനത്തിൽ
നിന്നും ഞാൻ ഉണർന്നില്ല
അറിഞ്ഞില്ല
നിൻ സർഗനൊമ്പരങ്ങളെ
അനശ്വര മിഴിനീർ പൂക്കളെ...

കവിത

# വേദനിയ്ക്കുമ്പോൾ



നിബിൻ കള്ളിക്കാട്


വേർപാടിനപ്പുറം വേദനിയ്ക്കുമ്പോൾ
വേദാന്തമോതവേ വേദനിക്കരുതിനിയും നീ ,
കാത്തിരിപ്പുണ്ടല്ലോ കണ്ണിൽ വിളക്കും
കരളിൽ തുടിപ്പും കാലമാക്കിയൊരാൾ ,

നോറ്റിരിപ്പുണ്ടല്ലോ, നോവിലും പുഞ്ചിരിച്ചു
നന്മയെഴും മനസ്സിൽ നറുകിനാവുമായൊരാൾ
പുണരുവാനുണ്ടല്ലോ , പൂമൊട്ടുകൾ ചേർന്നു
പൂന്തോട്ടമായതിൽ പൂന്തെന്നൽ പോലതിൽ,

അറിയുവാനുണ്ടല്ലോ , അലകളെപോലെ
അറിയാതെയെത്തുന്നയലിവിന്റെ മാനസം
ഓർക്കുവാനുണ്ടല്ലോ, ഓർമ്മയ്ക്കഴകേകും
ഓമനത്തെന്നലിൽ ഓളങ്ങളെപ്പോലെ...

ചാരെയുണ്ടാകുമല്ലോ..ചാറിത്തിമിർക്കാതെ
ചാരിയിരിയ്ക്കവേ ചാമരം വീശുന്നൊരാൾ
കാണുവാനുണ്ടല്ലോ , കാണാക്കിനാവുപോൽ
കാലം നിറയ്ക്കുന്ന കാഴ്ച്ചകളേറെയും...

ചേരുവാനുണ്ടല്ലോ. ചോർച്ചകളിൽ പോലും
ചേർച്ചകളുമായി വന്നു ചേർന്നിരിക്കുന്നൊരാൾ,
വിട പറയും മുൻപേ വിഭല വാക്കുരുകുന്ന
വേർപാടിനപ്പുറത്തും വേദനയല്ലിനി ജീവിതം.,!



# ഉദാഹരണം



കണ്ണുനീരിൻറെ പര്യായമാണവൾ
എന്നുദാഹരിക്കുന്നതിനേക്കാൾ
എത്ര മനോഹരമാണ്
നനുത്ത ചുണ്ടിലെ
നിറഞ്ഞ പുഞ്ചിരിയാൽ
പൂത്തു നിൽക്കുന്ന
പൂക്കളോളം മനോഹരമായി
അവളെ വർണിക്കുന്നത്.

ഏതു നോവിനെയും
ശമിപ്പിക്കാൻ പാകത്തിന്
നിറഞ്ഞ പുഞ്ചിരി തൂകുന്ന
അവളെ , വിധിയുടെ
കളിപ്പാട്ടമെന്നെന്തിന്
ഉദാഹരിക്കുന്നു

വ്യഥയാൽ ഉള്ള് പൊള്ളി
കണ്ണ് കലങ്ങുമ്പോഴും
ചുണ്ടിലെ ചിരി മായാതെ ,
പ്രിയപ്പെട്ടവരെ കരുതലോടെ
കാക്കുവാനവളെക്കാളും
മറ്റാർക്ക് കഴിയും ,
പിന്നെന്തിനവളെ
അബലയെന്നുദാഹരിക്കുന്നു ...




നുഷറ. സി എച്ച്

# വിചാരഘോഷങ്ങൾ

മനുഷ്യ സംസ്കാരത്തിന്റെ ഉദയം മുതൽ ഇഴപിരിയാൻ കഴിയാത്ത രീതിയിൽ പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്ന വിഷയങ്ങളാണ് ചരിത്രവും സാഹിത്യവും. ആപേക്ഷികമായി ഇതിൽ ഏതിനാണ് കൂടുതൽ പ്രസക്തിയും പ്രാധാന്യവും എന്ന സംവാദവും സഹസ്റാബ്ദങ്ങൾ മുമ്പ് തന്നെയുണ്ട്. ചരിത്രം ഭൂതകാലത്തിനുനേരെ തിരിച്ച കണ്ണാടിയാണെന്നും സാഹിത്യം ജീവിതത്തിനു നേരേ തിരിച്ച കണ്ണാടിയാണെന്നും ഉള്ള സങ്കല്പത്തെ അടിസ്ഥാനമാക്കി, കാലാതീതമായതാണ് കാലബന്ധിതമായതിനെക്കാൾ വിശാലമായത് എന്ന് ഒരു വലിയ വിഭാഗം വാദിക്കുന്നു. കവികളും ചരിത്രകാരന്മാരും നിറഞ്ഞിരുന്ന ഗ്രീക്ക് സിറ്റി സ്റ്റേറ്റിൽ ഈ തർക്കം രൂക്ഷമായിരിന്നിരിക്കണം. കാരണം, ബി.സി നാലാം നൂറ്റാണ്ടിൽ ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഏറ്റവും അറിവുള്ള മനുഷ്യൻ എന്ന അംഗീകാരം ലഭിച്ചിരുന്ന തത്വചിന്തകൻ അരിസ്റ്റോട്ടിൽ (384B-C-322B-C), ഖണ്ഡിതമായ അഭിപ്രായം പറഞ്ഞിരിക്കുന്നു: കവിതയാണ് മുന്നിൽ നില്ക്കുന്നത്. അതിന് ചരിത്രത്തേക്കാൾ കൂടുതൽ സാർവലൗകികവും ദാർശനികവുമായ മാനങ്ങൾ ഉണ്ട്. മാനുഷിക വികാരങ്ങൾക്ക് കവിത കൂടുതൽ വിലകല്പിക്കുന്നു. (കാവ്യസൗന്ദര്യശാസ്ത്രം- 9-ാം അദ്ധ്യായം (Aristotle's Poetics Chapter 9). ഈ അഭിപ്രായത്തിന് അരിസ്റ്റോട്ടിൽ ആധാരമാക്കിയത്, ചരിത്ര കഥാപാത്രങ്ങളുടെ ജീവിതം ഉള്ളടക്കമായിരുന്ന ട്രാജഡികളായിരുന്നു എന്നത് മറ്റൊരു വിഷയം. സംവാദം നിലനില്ക്കുമ്പോൾ തന്നെ, ചരിത്ര കഥാപാത്രങ്ങളും ചരിത്രസംഭവങ്ങളും കൂടുതൽ ജനങ്ങളിലെത്തുന്നത് സാഹിത്യത്തിൽ കൂടിയാണ് എന്നത് വസ്തുതയാണ്. റോമൻ ചക്രവർത്തിമാരുടെ ജീവിതം ലോകമറിയുന്നത് വില്ല്യം ഷേക്സ്പിയറിന്റെ ജൂലിയസ് സീസർ, ക്ലിയോപാട്ര എന്നീ പ്രശസ്തമായ നാടകങ്ങളിൽ കൂടിയാണ്. നെപ്പോളിയൻ ചക്രവർത്തിയുടെ തോൽവിക്ക് നിദാനമായ റഷ്യൻ ആക്രമണത്തിന്റെ മറക്കാനാകാത്ത ചിത്രം നാം വായിക്കുന്നത് ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും എന്ന നോവലിലൂടെയാണ്. സിവി രാമൻ പിള്ളയുടെ ചരിത്രനോവൻ തിരുവിതാംകൂർ രാജാവായിരുന്ന മാർത്താണ്ഡവർമ്മയെ ഒരു ഇതിഹാസ കഥാപാത്രമാക്കിമാറ്റിയിട്ടുണ്ട്. മനുഷ്യജീവിതത്തെ മാറ്റി മറിച്ച ചരിത്രസംഭവങ്ങൾ പുതിയ സാഹിത്യശാഖകൾ



പി.എൻ.പ്രകാശ്






വി.പി.ജോൺസ്

ക്ക്, പ്രവണതകൾക്ക്, രൂപം കൊടുത്ത ചരിത്രവും ധാരാളമുണ്ട്. ഫ്രഞ്ച് വിപ്ലവമാണ് കാല്പനികപ്രസ്ഥാന (Romantic Movement) ത്തിന്റെ പ്രഭവകേന്ദ്രം. ലോകമഹായുദ്ധങ്ങളും അതിലേക്ക് നയിച്ച സംഭവങ്ങളുമാണ് ഇന്നും സജീവമായി നിലനില്ക്കുന്ന ആധുനികതാവാദത്തിനെ സൃഷ്ടിച്ചത്. സങ്കീർണ്ണമായ ഈ പരസ്പരബന്ധത്തിനെ വിലയിരുത്തികൊണ്ടാണ് ഒരു ചരിത്രകാലഘട്ടത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ആഴങ്ങളെ മനസ്സിലാക്കാനുള്ള ഒരു ലെൻസാണ് സാഹിത്യം എന്ന് ബർട്രൻഡ് റസ്സൽ (1872–1970) അഭിപ്രായപ്പെട്ടത്. നേരിട്ടുള്ള പരസ്പര ബന്ധമില്ലാതെ, വ്യത്യസ്ത കമ്പാർട്ടുമെന്റുകളിലായി വിഷയങ്ങൾ നിന്നിരുന്ന കാലത്ത്, ഈ തർക്കം ഗൗരവമായിരുന്നു. കമ്പാർട്ടുമെന്റുകളുടെ ചുമരുകളെല്ലാം തകർന്ന സാഹിത്യസിദ്ധാന്ത (Literary Theory) ളുടെ കാലത്ത് പഴയരീതിയിലുള്ള ലളിതവല്ക്കരണത്തിന് സ്ഥാനമില്ല. എങ്കിലും, പരിശീലനവും പ്രവൃത്തിയും ചരിത്രകാരനെയും സാഹിത്യകാരനെയും ജീവിതത്തിനോടുള്ള കാഴ്ചപ്പാടിലും സമീപനത്തിവും വ്യത്യസ്ത പുലർത്തുന്നവരായി മാറ്റുന്നത് കാണാം.

ഈ ലേഖന സമാഹാരത്തിന്റെ ഗ്രന്ഥകർത്താവ് പ്രൊഫ വി.പി. ജോൺസ് ഒരേ സമയം, ചരിത്രപണ്ഡിതനും ചെറുകഥാകൃത്തുമാണ്; തൃശ്ശൂരിലെ അറിയപ്പെടുന്ന സാമൂഹ്യ പ്രവർത്തകനും, സാഹിത്യചർച്ചകളിൽ നിറസാന്നിദ്ധ്യവുമാണ്. തന്റെ രചനകളിൽ ജോൺസ് ചരിത്രത്തിനോടാണോ സാഹിത്യത്തിനോടാണോ കൂടുതൽ നീതി പുലർത്തുന്നത് എന്നത് കൗതുകമുള്ള വിഷയമാണ്. വിരുദ്ധചേരിയിൽ നിന്ന കലയും ശാസ്ത്രവും ഒരേ താല്പര്യത്തോടെ കൈകാര്യം ചെയ്തിരുന്ന എഴുത്തുകാരനായിരുന്നു ഇംഗ്ലീഷ് നോവലിസ്റ്റ് സി.പി. സ്നോ. ഈ രണ്ടു ലോകത്തിനും നടുവിൽ ഒരു പാലമായി നിലനില്ക്കുന്നതിന്റെ വൈരുദ്ധ്യങ്ങളും ആകാംക്ഷകളും രണ്ടു സംസ്കാരങ്ങൾ (Two Cultures) എന്ന പ്രശസ്ത ഗ്രന്ഥത്തിൽ വിശദമായിത്തന്നെ സ്നോ പ്രതിപാദിക്കുന്നുണ്ട്. ജോൺസിന്റെ ലേഖനങ്ങളിൽ താൻ ഏതു ഭാഗത്തിനോട് കൂടുതൽ ചായ്‌വ് കാണിക്കണം എന്ന ധർമ്മസങ്കടം കാണുന്നില്ല, ആഴത്തിലുള്ള പഠനത്തിന്റെയും ധ്യാനത്തിന്റെയും പ്രതിഫലനം മാത്രമാണ് കാണുന്നത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ചരിത്രത്തിനേയും സാഹിത്യത്തേയും തുറന്ന മനസ്സോടെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു സഹൃദയന്റെ മനസ്സിനുനേരെ പിടിച്ച കണ്ണാടിയാണ് ഈ ലേഖന സമാഹാരം.

പതിനെട്ട് ലേഖനങ്ങളാണ് ഈ സമാഹാരത്തിലുള്ളത്. അതിൽ ആറെണ്ണം ചരിത്രകേന്ദ്രീകൃതവും പന്ത്രണ്ട് എണ്ണം സാഹിത്യബദ്ധവുമാണ്. ആദ്യം സൂചിപ്പിച്ചതുപോലെ, ഈ വിഭജനത്തിന്റെ അതിർവരമ്പുകൾ ദുർബലമാണ്; ലേഖകനറിയാതെ തന്നെ സാഹിത്യവും ചരിത്രവും സംസ്കാരവും രാഷ്ട്രീയവും എല്ലാ ലേഖനങ്ങളിലും കടന്നുവരുന്നു; തീർച്ചയായും അതൊരു പോരായ്മയോ പരിമിതിയോ അല്ല.

ഈ സമാഹാരത്തിലെ ഒന്നാമത്തെ ലേഖനം, ആഗോളമാനവികതയുടെ ഗുരു ശ്രീനാരായണഗുരു (1856– 1928) വിനെപ്പറ്റിയാണ്. സഹസ്രാബ്ദങ്ങായി അജ്ഞതയിലും അന്ധകാരത്തിലും നിസ്സഹായരായി ആണ്ടു കിടന്ന ഒരു ജനതയെ അറിവിന്റെയും സ്വാതന്ത്ര്യത്തിന്റെയും വെളിച്ചത്തിലേയ്ക്ക് കൈപിടിച്ചുയർത്തിയ മഹാഗുരു. കെ. പി. അപ്പന്റെ ഭാഷയിൽ പറഞ്ഞാൽ, ചരിത്രത്തെ അഗാധമാക്കിയ ഗുരു . അർത്ഥവത്തായ ഒരു ഉദ്ധരണിയോടെയാണ് ലേഖനം ആരംഭിക്കുന്നത്. ചിരഞ്ജീവിയാകാനാഗ്രഹിക്കുന്നയാൾ സേവനനിരതനാവണം, ഭരിക്കാനാഗ്രഹിക്കുന്നയാളാകട്ടെ ചിരഞ്ജീവിയൊട്ടാകുന്നതുമില്ല . നാരായണഗുരു, ജോൺസിന്റെ അഭിപ്രായത്തിൽ ജനമനസ്സുകളെ കീഴടക്കിയത്, ആർദ്രതയും കാരുണ്യവും പരമാർത്ഥമായ ശുഭതൃഷ്ണയും, കൊണ്ടാണ്, വെട്ടിപ്പിടിച്ചിട്ടല്ല.ഗാന്ധിജി, ജോൺപോൾ രണ്ടാമൻ, മദർതെരേസ തുടങ്ങിയ ചിരഞ്ജീവികളുടെ ഗണത്തിലാണ് നാരായണഗുരു എന്ന് ജോൺസ് സമർത്ഥിക്കുന്നു. തന്റെ വാദങ്ങൾക്ക് ശക്തി പകരാനായി ഗുരുവിന്റെ ആത്മോപദേശ ക ശതക ത്തിലെ പ്രശസ്തവരികൾ ലേഖകൻ ഉദ്ധരിക്കുന്നുണ്ട്. ഗുരു, ഒരേ സമയം ആത്മീയചാര്യനും സാമൂഹ്യപരിഷ്കർത്താവുമായിരുന്നു. ഈ സമന്വയമാണ് ജോൺസിന്റെ അഭിപ്രായത്തിൽ കേരള ചരിത്രത്തിനെ നൂറ്റാണ്ടുകൾക്കുശേഷം പുരോഗതിയിലേക്കുള്ള വഴിയിലേക്ക് നയിച്ചത്. ലേഖനത്തിലുടനീളം ഗുരുവിന്റെ നേതൃത്വത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ലേഖകൻ എണ്ണിയെണ്ണി പറയുന്നു. വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ് . ജാതിഭേദമതദ്വേഷം ഏതു

മില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത് , മുതലായ ഗുരുവചനങ്ങൾ എന്തുകൊണ്ട് സമൂഹമനസ്സിൽ ചിരപ്രതിഷ്ഠ നേടി എന്ന് ജോൺസ് ആഴത്തിൽ പരിശോധിക്കുന്നു. ഇരുളിന്റെ അഗാധ ഗർത്തങ്ങളിലൂടെ അന്ധരും ബധിരരും മൂകരുമായി സഞ്ചരിക്കുന്ന വർത്തമാനകാല ലോകസംസ്കൃതിക്ക് പ്രകാശദീപമാക്കാൻ അവ തീഷ്ണമായ തേജപുഞ്ജുക്കളായ ലോകഗുരുക്കന്മാരുടെ നിരയിൽ ശ്രീനാരായണഗുരു ദേവനും സ്ഥാനമുണ്ടെന്ന് ബോധ്യം വന്നാൽ, വഴിവിട്ടുസഞ്ചരിക്കുന്നവർക്കൊരു വഴിവിളക്കാകും എന്നു പറഞ്ഞാണ് ജോൺസ് ലേഖനം അവസാനിപ്പിക്കുന്നത്.

1948ൽ ഇസ്രായേൽ എന്ന ജൂതന്മാർക്ക് മാത്രമായി ഒരു ചെറുരാജ്യം സ്ഥാപിതമാകുന്നതുവരെ യൂറോപ്പിലും മറ്റുഭൂഖണ്ഡങ്ങളിലും അലഞ്ഞു നടക്കാൻ വിധിക്കപ്പെട്ട നിർഭാഗ്യരായ ഒരു ജനതയായിരുന്നു ജൂതന്മാർ. സഹസ്രാബ്ദങ്ങളുടെ പാരമ്പര്യവും, മറ്റേതു വംശത്തെക്കാളും കൂടുതൽ ബുദ്ധിരാക്ഷസന്മാരാൽ അനുഗ്രഹിക്കപ്പെട്ടിട്ടും, അലച്ചിലിനും പീഢനത്തിനും ഒരു കുറവുമില്ലായിരുന്നു. ഈ അലഞ്ഞുതിരിയലിനിടയിൽ കൊച്ചി എന്ന ചെറുനാട്ടുരാജ്യത്തേക്കും കുറെ ജൂതന്മാർ കുടിയേറി. അവരുടെ സംസ്കാരത്തെയും ചരിത്രത്തേയും കേന്ദ്രീകരിച്ചുള്ള ലേഖനമാണ്, ജൂതസംസ്കാരം കേരളത്തിൽ . കൊച്ചിയിൽ അവർ കോളനിയായി ജീവിച്ചിരുന്നിടത്തും അവർ നാട്ടുകാരുമായി ഇടപഴകാതെ ഒരു അടഞ്ഞ സമൂഹമാ (closed community) യായിട്ടാണ് താമസിച്ചിരുന്നത് എന്ന് ജോൺസ് തെളിവുകളുടെ വെളിച്ചത്തിൽ സ്ഥാപിക്കുന്നുണ്ട്. ജോൺസിന്റെ ലേഖനം വ്യക്തമാക്കുന്നത് കൊച്ചിയിൽ താമസിച്ചിരുന്ന ജൂതന്മാർ അവരുടെയിടയിൽ തന്നെ വർണ്ണ വ്യത്യാസം നിലനിർത്തി എന്നാണ്. അവരുടെയിടയിൽ, രണ്ടുവിഭാഗങ്ങൾ- വെളുത്ത ജൂതന്മാരെന്നും, കറുത്ത ജൂതന്മാരെന്നും (കറുത്ത ജൂതന്മാർ പ്രാദേശിക വാസികൾ ജൂതമതത്തിൽ ചേർന്നവരായിരിക്കണം) ഉണ്ടായിരുന്നെന്നും, അവർ വേറെ വേറെ പള്ളികളിലാണ് പ്രാർത്ഥിച്ചിരുന്നതെന്നെന്നും, അവർ തമ്മിൽ വിവാഹബന്ധങ്ങൾ അനുവദിച്ചിരുന്നില്ല എന്നും, ജറുസലേമിൽ നിന്നും കേരളത്തിൽ വന്നെത്തിയെന്നവകാശപ്പെടുന്ന വെളുത്ത ജൂതരും അവരുടെ പിൻഗാമികളും തങ്ങളുടെ പ്രൗഢിയും കുലീനവുമായ രക്തപരിശുദ്ധിയിൽ യാതൊരുവിധ കലർപ്പും കലതാതിരിക്കാൻ വളരെയേറെ ശ്രദ്ധയും കർക്കശവും പുലർത്തി എന്നും ജോൺസ് പറയുന്നു. 1948ൽ കൂട്ടത്തോടെ ഇസ്രായേലിലേയ്ക്ക് പോകുന്നതുവരെയുള്ള അവരുടെ കേരളത്തിലെ ജീവിതത്തെയും തൊഴിലിനെയും ആചാരങ്ങളെയും വാസ്തുവിദ്യകളെപ്പറ്റിയുമൊക്കെ ഉൾക്കാഴ്ച നല്കുന്ന ധാരാളം പരാമർശങ്ങൾ ഈ ലേഖനത്തിലുണ്ട്.

ബുദ്ധമതസംസ്കാരം കേരളത്തിൽ എന്ന മൂന്നാമത്തെ ലേഖനം, ഇന്ന് നമ്മുടെ സംസ്ഥാനത്ത് ധാരാളം ഗവേഷണം നടന്നുകൊണ്ടിരിക്കുന്നതും, പണ്ട് കേരളത്തിൽ നിലനിന്നു എന്ന് വിശ്വസിക്കപ്പെടുന്നതുമായ ബുദ്ധമത സാന്നിദ്ധ്യത്തെ പറ്റി സംക്ഷിപ്തമായ വിവരം നല്കുന്നു. ക്യസ്തു വർഷാരംഭത്തിനുമുമ്പ് മൂന്നാം നൂറ്റാണ്ട് മുതൽ തെക്കേ ഇന്ത്യയിൽ അശോക ചക്രവർത്തിയുടെ ശാസനങ്ങളുമായി ബുദ്ധഭിക്ഷുക്കൾ എത്തിയിരുന്നുവെന്നും, അവർ കാരുണ്യത്തിലതിഷ്ഠിതമായ ജാതിരഹിത സമത്വസുന്ദരമായ ഒരു സമൂഹസൃഷ്ടിക്കായി ബുദ്ധവിഹാരങ്ങൾ പണിത് മതപ്രചാരണം നടത്തിയിരുന്നു എന്നും ചിലചരിത്രകാരന്മാർ വാദിക്കുന്നു. ജോൺസ് അതിനോട് യോജിക്കുന്നു എന്നത് സ്പഷ്ടം. എടയ്ക്കൽ ഗുഹയിൽ കാണുന്ന രേഖാരൂപങ്ങൾ ചൈതന്യവത്തായ ആ സംസ്കാരത്തിന്റെ സാക്ഷ്യപത്രങ്ങളാണ്. സംഘകാലകൃതികളിലെ പരാമർശങ്ങളും കാവുകളിലെ ആചാരരീതികളിൽ ആ കാലത്ത് വന്ന മാറ്റത്തെപ്പറ്റി ചിലചരിത്രകാരന്മാരുടെ അഭിപ്രായങ്ങളും സ്ഥലനാമധ്വനികളുമൊക്കെ കേരളത്തിൽ ബുദ്ധമതം ശക്തിപ്രാപിച്ചിരുന്നു എന്നും ശങ്കരാചാര്യരുടെ നേതൃത്വത്തിൽ നടന്ന ബുദ്ധമതവിരുദ്ധപ്രസ്ഥാനമാണ് ആ സംസ്കാരത്തിന് അന്ത്യം കുറിച്ചതെന്നുമൊക്കെ വാദിക്കാറുണ്ടെങ്കിലും ഇതിന്റെ പ്രശ്നസ്വഭാവത്തെ കണ്ടില്ലെന്നു നടിക്കാനാവില്ല. ബുദ്ധമതചിന്തകളോടുള്ള പ്രതിബദ്ധതയും, കാരുണ്യം, സ്നേഹം എന്നീ ആർദ്രവികാരങ്ങളോട് ജോൺസിനുള്ള ആരാധനയുമായിരിക്കണം മറ്റൊരു വശം ഈ വിഷയത്തിനുണ്ട് എന്ന് പറയാൻ അദ്ദേഹത്തിന് കഴിയാതിരുന്നത് എന്ന് സംശയിക്കാം.

രണ്ടുഭാഗങ്ങളിലായി എഴുതപ്പെട്ടിരിക്കുന്ന ആദർശ രാഷ്ട്രവും ജനാധിപത്യവും (The Ideal State and Democracy)

എന്ന ലേഖനത്തെ ഒരു പഠനം എന്നാണ് ജോൺസ് വിശേഷിപ്പിച്ചിരിക്കുന്നത്. ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും എന്ന ഇന്നത്തെ അംഗീകരിക്കപ്പെട്ട സാമൂഹ്യക്രമത്തിനു പകരം ജനങ്ങളും ജനസേവകരും എന്ന ഒരു ആദർശസംവിധാനം സാദ്ധ്യമാണോ എന്ന ഒരു ചരിത്രകാരന്റെ അന്വേഷണമാണ് ഈ ലേഖനത്തിലുടനീളം നിറഞ്ഞുനില്ക്കുന്നത്. പ്ലേറ്റോ, അരിസ്റ്റോട്ടിൽ മുതലായ ഗ്രീക്ക് ചിന്തകന്മാരുടെ മുതൽ ആധുനിക കാലത്ത് ഗാന്ധിജി വരെയുള്ള മഹാപ്രതിഭകൾ, ജനങ്ങളും ഭരണകൂടവും തമ്മിലുള്ള ബന്ധത്തിൽ നിന്നും സാധാരണ ജനങ്ങൾ എന്താണ് പ്രതീക്ഷിക്കുന്നത് എന്ന് ജോൺസ് വിശദമായിത്തന്നെ പ്രതിപാദിക്കുന്നുണ്ട്. ഗാന്ധിജിയുടെ സമീപനമാണ് അഭികാമ്യം എന്ന് ജോൺസ് സമർത്ഥിക്കുന്നു. മഹാത്മാവിന്റെ സങ്കല്പം ഇവരിൽ നിന്നെല്ലാം വ്യത്യസ്തമായിരുന്നു. ഒരു പക്ഷെ സെന്റ് തോമസ് അക്വിനാസിന്റെയും പെർഫെക്ട് സ്റ്റേറ്റിന്റെ വക്താവായ ഹെഗലിന്റെയും സെന്റ് അഗസ്റ്റിന്റെയും ആത്മീയസ്പർശിയായ സ്റ്റേറ്റ് സങ്കല്പത്തോടും ആയിരിക്കണം ഗാന്ധിജിയുടെ ഈ ആശയങ്ങൾക്ക് ഗാഢസമാനത ഉള്ളത്. തന്റെ വാദങ്ങൾ സാധൂകരിക്കുന്നതിനായി അധികാരമെന്നതിനപ്പുറം ചുമതല എന്നതായിരിക്കണം. ഒരു ഭരണാധികാരിയുടെ സങ്കല്പമെന്ന് വാദിച്ച മെക്കവില്ലിയെയും ജോൺസ് ഉദ്ധരിക്കുന്നുണ്ട്.

തൃശ്ശൂരിന്റെ ചരിത്രം രണ്ടുഭാഗങ്ങളിലായി പ്രതിപാദിക്കുന്നതാണ് തുടർന്നുള്ള രണ്ടുലേഖനങ്ങൾ: ശക്തൻ തമ്പുരാൻ വാമൊഴിചരിത്രത്തിലും (6) തൃശ്ശൂരിന്റെ രാഷ്ട്രീയചരിത്രവും. ഇതിൽ, രണ്ടാമത്തേത് 18 ഏടുകളുള്ള ദീർഘലേഖനം, ഈ സമാഹാരത്തിലെ ഏറ്റവും നീണ്ട ലേഖനമാണ്. കൊച്ചി എന്ന ചെറിയ നാട്ടുരാജ്യത്തിന് 18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇന്ത്യയുടെ ഭൂപടത്തിൽ നിലനില്പ് ഉറപ്പാക്കികൊടുത്ത ഭരണാധികാരിയായിരുന്ന രാമവർമ്മ ശക്തൻ തമ്പുരാൻ (1751-1805). വളഞ്ഞിട്ട് ആക്രമിക്കുന്നു. എന്ന് ഇന്ന് നാം സർവ്വസാധാരണമായി പറയുന്ന, ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം അക്ഷരാർത്ഥത്തിൽ ശരിയായിരുന്ന കാലത്താണ്, ശക്തൻതമ്പുരാൻ ഭരണാധികാരം ഏറ്റെടുക്കുന്നത്. തെക്ക് തിരുവിതാംകൂർ രാജാവിൽ നിന്നും വടക്ക് മൈസൂരിലെ ടിപ്പുസുൽത്താനിൽ നിന്നും ഈ അവസരം നോക്കി കൊച്ചിരാജ്യത്തെ പിടിച്ചടക്കാൻ കാത്തിരുന്ന ഈസ്റ്റ് ഇന്ത്യാകമ്പനിയിൽ എല്ലാം ആക്രമണം ഉണ്ടായപ്പോൾ, ധീരതയോടെ, ദീർഘദൃഷ്ടിയോടെ, സമർത്ഥമായി ഈ നീക്കങ്ങളെയെല്ലാം പരാജയപ്പെടുത്തി കൊച്ചിരാജ്യത്തിന്റെ സ്വാതന്ത്ര്യം നിലനിർത്തിയത് ശക്തൻതമ്പുരാനാണ് എന്ന് ചരിത്രരേഖകളുടെ പിൻബലത്തോടെ ജോൺസ് സ്ഥാപിക്കുന്നു. പ്രബുദ്ധനായ ഭരണാധികാരി എന്ന നിലയിൽ ആഭ്യന്തര-വിദേശകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലും ശക്തൻ തമ്പുരാൻ ഉദാത്തമാതൃകയായിരുന്നുവെന്ന് ലേഖകൻ ചൂണ്ടിക്കാണിക്കുന്നു.

നേരത്തെ സൂചിപ്പിച്ചതുപോലെ തൃശ്ശൂരിന്റെ 250 വർഷത്തെ രാഷ്ട്രീയ ചരിത്രം അനാവരണം ചെയ്യുന്ന ദീർഘലേഖനമാണ് രണ്ടാമത്തേത്. ഈ കാലത്തെ എല്ലാ കൊച്ചി രാജാക്കന്മാരുടെയും ദിവാന്മാരുടെയും രാഷ്ട്രീയനേതാക്കളുടെയും മന്ത്രിമാരുടെയും എല്ലാം പേര് ജോൺസ് ഈ ലേഖനത്തിൽ പരാമർശിച്ചിരിക്കുന്നു. സമാന്തരമായിത്തന്നെ കൊട്ടാര ഉപജാപങ്ങളും ഇന്ത്യൻ യൂണിയനിൽ ലയിക്കുന്നതിനു മുമ്പും പിമ്പുമുള്ള രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനങ്ങളും അതെല്ലാം തൃശ്ശൂരിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളും വിശദമായിത്തന്നെ ജോൺസ് വിവരിക്കുന്നു. ഒരു പക്ഷെ, ആ കാലത്ത് ജീവിച്ച് രാഷ്ട്രീയ നീക്കങ്ങളെ അടുത്തുനിന്ന് വീക്ഷിച്ച ഒരു തലമുറയ്ക്ക്, ഒരുതരം ഗൃഹാതുരത്വത്തോടെ മാത്രമേ ഈ ലേഖനത്തിൽ കൂടി കടന്നുപോകാൻ കഴിയുകയുള്ളു. ലേഖനത്തിന്റെ ആദ്യഖണ്ഡികയിൽ ജോൺസിന്റെ ചരിത്രസങ്കല്പത്തെക്കുറിച്ചുള്ള ഒരു വിവരണം നമുക്ക് ലഭിക്കുന്നു:

ചരിത്രം ഒരു മാനവീയ വിജ്ഞാനശാഖ എന്ന നിലയിൽ മാനവസമുദായത്തിന്റെ ജനാധിപത്യമുള്ള ഗതികളുടെ കഥയാണ് അനാവരണം ചെയ്യുന്നത്. പ്രാദേശിക ചരിത്രത്തിൽ നിന്നു വേണം, ദേശചരിത്രവും രാജ്യചരിത്രവും ലോകചരിത്രവും നിർദ്ധാരണം ചെയ്തെടുക്കാൻ . എന്തുകൊണ്ട് തൃശ്ശൂർ ചരിത്രം എന്ന ചോദ്യത്തിനുള്ള മറുപടികൂടിയാണിത്.

സാഹിത്യസംബന്ധിയായ 12 ലേഖനങ്ങളാണ് രണ്ടാംഭാഗത്തുള്ളത്. ഇതിൽ മൂന്നെണ്ണം മലയാള ഭാഷയ്ക്കും സാഹിത്യത്തിനും ജർമ്മൻ മിഷനറിമാർ നല്കിയിട്ടുള്ള സേവനങ്ങളെപ്പറ്റിയാണ്, ആറെണ്ണം മലയാളസാഹിത്യപ്രേമികൾ നന്ദിയോടെ സ്

മരിക്കേണ്ടതും എന്നാൽ ഇന്ന് പാശ്വവൽക്കരിക്കപ്പെട്ടുപോയതുമായ കവികളെകേന്ദ്രീകരിച്ചാണ്. അവശേഷിക്കുന്ന മൂന്ന് ലേഖനങ്ങൾ പൊതുസ്വഭാമുള്ളവയാണ്.

18-ാം നൂറ്റാണ്ടിലെ മലയാളികളുടെ ജ്ഞാനമണ്ഡലത്തെ വിവരണാതീതമായ സഭാവനകൾകൊണ്ട് പ്രകാശമാനമാക്കിയ രണ്ടു വിദേശമിഷനറിമാരായിരുന്നു, അർണോസ്പാതിരിയും (1781-1832) ഹെർമൻ ഗുണ്ടർട്ടും (1814-1892). യേശുദേവന്റെ ജീവിതസന്ദേശം കൃസ്തുമതവിശ്വാസികളല്ലാത്തവരുടെയിടയിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളതീരത്തുവന്നവരായിരുന്നു ഈ രണ്ടു ജർമ്മൻ സുവിശേഷകരും. വിരോധാഭാസമെന്നുപറയട്ടെ, തങ്ങളുടെ ദൗത്യം മറന്നുകൊണ്ട് മലയാള ഭാഷയ്ക്കും, സാഹിത്യത്തിനും ചരിത്രത്തിനും സമാനതകളില്ലാത്ത സംഭാവനകൾ നല്കാനാണ് ഈ രണ്ടു മിഷണറിമാരും തങ്ങളുടെ ജീവിതം ഉഴിഞ്ഞുവച്ചത്. രണ്ടുപേരുടെയും ധന്യമായ സംഭാവനകളെപ്പറ്റി ശ്രദ്ധേയമായ ലേഖനങ്ങളാണ് ഈ സമാഹാരത്തിലുള്ളത്. അർണ്ണോസ് പാതിരി, ഹെർമൻ ഗുണ്ടർട്ട് - രണ്ടുമഹാപ്രതിഭകൾ എന്ന ലേഖനത്തിന്റെ തുടക്കത്തിൽ ജോൺസ് പറയുന്നു: ജന്മസിദ്ധമായ സാഹിത്യാഭിരുചിയുടെയും ഭാഷാപഠന ഔൽസുക്യത്തെയും നിസ്തുല്യമായ കർമ്മചൈതന്യംകൊണ്ട് മലയാളത്തിനെ പ്രഫുല്ലമാക്കിയവരിൽ അഗ്രഗണ്യനാണ് അർണ്ണോസ്പാതിരി . പാതിരിയ്ക്ക് ശേഷം മലയാളക്കരയിൽ എത്തിയ ഹെർമൻ ഗുണ്ടർട്ടിന്റെ (എന്നാണ് പ്രൊഫ. സുകുമാർ അഴിക്കോട് അദ്ദേഹത്തെ ഗുണ്ടർട്ട് പണ്ഡിതൻ എന്നാണ് വിശേഷിപ്പിച്ചിരുന്നത്) കാര്യത്തിലും മേൽപറഞ്ഞ ഉദ്ധരണി ബാധകമാണ്. പാതിരി, തൃശൂരിനടുത്ത് വേലൂരിലും ഗുണ്ടർട്ട്, തലശ്ശേരിക്കടുത്ത് കൊടുവള്ളിയിലുമാണ്, താമസിച്ചിരുന്നത്. രണ്ടുപേരുടെയും ജീവചരിത്രവും സംഭാവനകളും വളരെ മിഴിവോടെ ഹൃദ്യമായി ഈ ലേഖനത്തിൽ വിവരിച്ചിരിക്കുന്നു. പൂന്താനത്തിന്റെ ജ്ഞാനപ്പാനയുടെ ചുവട്പിടിച്ച് അന്ന് പാതിരി രചിച്ച പുത്തൻ പാനയും യൂറോപ്യൻ ഭാഷയിൽ അന്ന് സർവ്വസാധാരണമായിരുന്ന നിഘണ്ടുക്കളെ അനുകരിച്ച്, ഗുണ്ടർട്ട് രചിച്ച മലയാള ഭാഷയിലെ ആദ്യത്തെ നിഘണ്ടുവും അന്നത്തെ ഒരു മലയാളിയ്ക്ക് സ്വപ്നം കാണാൻ കഴിയുമായിരുന്നില്ല. വ്യാകരണപഠനങ്ങളും പരിഭാഷകളുമായി രണ്ട് പണ്ഡിതന്മാരുടേതുമായി വേറെയും സംഭാവനകൾ. മിഷണനറിപ്രവർത്തകരായി ഇവർ എത്തിയിരുന്നില്ലെങ്കിൽ, 19-ാം നൂറ്റാണ്ടിലെ മലയാള ഭാഷ പഠനങ്ങൾ എത്രയോ ദരിദ്രമായിരിക്കുമായിരുന്നുവെന്ന്, ജോൺസ് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഈ ലേഖനത്തിന്റെ തുടർച്ചയാണ്, ജ്ഞാനപ്പാനയും പുത്തൻപാനയും.

പുത്തൻപാന യേശുദേവന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ളതാണെങ്കിലും രണ്ടിന്റെയും അടിസ്ഥാനം തികഞ്ഞ ദൈവവിശ്വാസവും ഭക്തിയും മൂല്യാധിഷ്ഠിതമായ ജീവിതമാണ്. രണ്ടുഗ്രന്ഥങ്ങളിൽ നിന്നുമുള്ള ധാരാളം ഉദ്ധരണികൾ ഈ ലേഖനത്തെ സമ്പുഷ്ടമാക്കുന്നു. ഒമ്പതാമത്തെ ലേഖനം നോബൽ സമ്മാന ജേതാവായ ജർമ്മൻ നോവലിസ്റ്റ് ഹെർമൻ ഹെസ്സി (1877-1962) നെപ്പറ്റിയാണ്. ഈ ലേഖനമെഴുതാൻ ജോൺസിനെ പ്രേരിപ്പിച്ചത്, ഹെർമ്മൻ ഹെസ്സ്, ഗുണ്ടർട്ടിന്റെ ചെറുമകനായിരുന്നു എന്ന വസ്തുത മാത്രമല്ല, അതിനൊക്കെയപ്പുറം ഹെസ്സിന്റെ മാസ്റ്റർപീസ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന സിദ്ധാർത്ഥ (1922) എന്ന നോവലിലെ മുഖ്യകഥാപാത്രത്തിനോടുള്ള ഗ്രന്ഥകർത്താവിന്റെ അഭിനിവേശമാണ് എന്ന് കരുതാവുന്നതാണ്. ഈ നോവലിന്റെ ആത്മാവ്, അന്വേഷണമാണ്; സത്യം കണ്ടെത്താൻ വേണ്ടി, അനുഭവങ്ങൾക്ക് വേണ്ടി, ജീവിതത്തിന്റെ അർത്ഥം തേടി അവസാനിക്കാത്ത അന്വേഷണം. ഇത് ജോൺസിന് പ്രിയപ്പെട്ട വിഷയമാണ്, ചരിത്രത്തിലും സാഹിത്യത്തിലും ജീവിതത്തിലും ശ്രീബുദ്ധൻ ചൂണ്ടിക്കാണിച്ച എല്ലാ വഴികളും താണ്ടിയിട്ടും സിദ്ധാർത്ഥന് മനശ്ശാന്തി ലഭിക്കുന്നില്ല. യൂറോപ്യൻ ജ്ഞാനസിദ്ധാന്തത്തിന്റെ പരിമിതികൾ മറികടക്കാനുള്ള അന്വേഷണത്തിലാണ് ഹെസ്സ് ബുദ്ധിസ്റ്റ് ആശയങ്ങളിലേക്കും ഇന്ത്യൻ തത്ത്വചിന്തയിലേക്കും ആകൃഷ്ടനാകുന്നത്. അവസാന ഉത്തരമില്ല. എങ്കിലും, അന്വേഷണം ഏറെ പ്രധാനം തന്നെ. ഹെസ്സിന്റെ മറ്റുനോവലുകളൊന്നും ജോൺസ് ഈ ലേഖനത്തിൽ പരാമർശിക്കുന്നില്ല.ഈ സമാഹാരത്തിലെ 10 മുതൽ 14 വരെയുള്ള ലേഖനങ്ങൾ, ജോൺസിന് ഹൃദയബന്ധമുള്ള അഞ്ച് കവികളെപ്പറ്റിയാണ്. ഒരു കാലത്ത് വളരെ അറിയപ്പെട്ടവരും മലയാള സാഹിത്യത്തിന് വിലപ്പെട്ട സംഭാവനകൾ നല്കിയിരുന്നവരായിരുന്നു എങ്കിൽകൂടി, ഇന്ന് അവർ പാർശ്വവൽക്കരിക്കപ്പെട്ടിരിയ്ക്കുന്നു. കേരളം മുഴുവൻ നടക്കുന്ന സാഹിത്യ ചർ

ച്ചകളിലോ, പഠനങ്ങളിലോ അവർ പരാമർശിക്കപ്പെടുന്നില്ല. രാമവർമ്മ അപ്പൻതമ്പുരാൻ (1875-1941), പി.ശങ്കരൻ നമ്പ്യാർ (1892-1954), പി.എം. ദേവസ്യ (1903-1996) സിസ്റ്റർ മേരി ബെനീഞ്ഞ (1901-1985), ടി. ആർ നായർ (1907-1990). ആപേക്ഷികമായി ഈ എഴുത്തുകാരുടെ മഹത്വത്തെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടാകാം എങ്കിലും, മലയാള സാഹിത്യത്തെ പുഷ്ഠിപ്പെടുത്തുന്നതിൽ അവരുടെതായ സംഭാവനകൾ ഉണ്ടായിട്ടുണ്ട് എന്നത് വസ്തുതയാണ്.

സാഹിത്യത്തിന്റെ സമസ്ത മേഖലകളിലും തന്റേതായ പാദമുദ്ര ആഴത്തിൽ പതിപ്പിച്ച മഹത്‌വ്യക്തിയായിരുന്നു രാമവർമ്മ അപ്പൻതമ്പുരാൻ. അതുകൊണ്ടായിരിക്കണം ലേഖനത്തിന്റെ ശീർഷകം സഹസ്രപാണിയായ അപ്പൻതമ്പുരാൻ എന്നാക്കിയത്. പല മേഖലകളിലും തുടക്കക്കാരൻ എന്ന ബഹുമതി അപ്പൻ തമ്പുരാന് അവകാശപ്പെട്ടതാണ്. മലയാളത്തിലെ ഏറ്റവും ദൈർഘ്യമുള്ള നാടകം (4 1/2 മണിക്കൂർ, 60 രംഗങ്ങൾ, അദ്ദേഹത്തിന്റെ തന്നെ ഭൂതരായർ എന്ന ചരിത്രനോവലിനെ അടിസ്ഥാനമാക്കിയത്) അദ്ദേഹമാണ് എഴുതിയത്. ആദ്യത്തെ തിരക്കഥാകൃത്ത്, ആദ്യത്തെ സിനിമാനിർമ്മാതാവ് (സിനിമ ഷൂട്ടിങ്ങ് നടക്കാതെപോയി), ഇതെല്ലാം അപ്പൻ തമ്പുരാനായിരുന്നു. വൈവിദ്ധ്യമാർന്ന കഴിവുകളുടെ ഉടമയായിരുന്ന കൊച്ചിരാജകുടുംബത്തിൽ നിന്നുള്ള ഈ ധിഷണശാലിയെ ജോൺ ഈ ലേഖനത്തിൽ പ്രകീർത്തിക്കുന്നു.

പ്രശസ്ത അദ്ധ്യാപകനും, കവിയും വിമർശകനുമൊക്കെയായിരുന്നു പ്രൊഫ. പി. ശങ്കരൻ നമ്പ്യാർ. പൊതുജീവിതത്തിലും സാഹിത്യരംഗത്തും നിലനിന്ന ഹിപ്പോക്രിസിക്കും സ്നോബറിക്കും എതിരായി അദ്ദേഹം മുഖംനോക്കാതെ തന്റെ തൂലിക ചലിപ്പിക്കുകയുണ്ടായി. ഈ ഉപാസന ശങ്കരൻ നമ്പ്യാർക്ക് ധാരാളം സുഹൃത്തുക്കളെയും ശത്രുക്കളെയും സൃഷ്ടിക്കുകയുണ്ടായി. ശങ്കരൻ നമ്പ്യാരുടെ ഹാസ്യകവിതകളെക്കുറിച്ചുള്ള വിശദമായ പഠനം ഈ ലേഖനത്തിലുണ്ട്. എറണാകുളം മഹാരാജാവ് കോളേജിലെ പ്രിൻസിപ്പൽ സ്ഥാനത്തുനിന്നും പിരിഞ്ഞതിനുശേഷം തൃശൂരിൽ കേരളവർമ്മ കോളേജിൽ കുറച്ചുകാലം പ്രിൻസിപ്പലായി അദ്ദേഹം പ്രവർത്തിക്കുയുണ്ടായി. ആ കോളേജിലെ പ്രധാന യോഗങ്ങൾ കൂടുന്ന ഹാളിന് അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി പി.എസ്.എൻ. ഹാൾ (പി. ശങ്കരൻ നമ്പ്യാർ ഹാൾ) എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്.

മഹാകാവ്യനിർമ്മിതിയും പി.എം. ദേവസ്യയും എന്ന ലേഖനം കവിയുടെ സാഹിത്യസേവനങ്ങളെ ചർച്ച ചെയ്യുന്നു. ജോൺസിന്റെ അഭിപ്രായത്തിൽ മലയാള സാഹിത്യത്തിലെ അതീവശ്രദ്ധാർഹങ്ങളായ മഹാകാവ്യങ്ങളുടെ രചയിതാക്കളുടെയിടയിൽ തലയുയർത്തി നില്ക്കുന്ന പ്രൗഢാശയനാണ് പി.എം. ദേവസ്യ മഹാകവി കട്ടക്കയത്തിന്റെ ശ്രീയേശുവിജയം എന്ന മഹാകാവ്യത്തിന്റെ പാത പിന്തുടർന്നുകൊണ്ട് രചിച്ച മഹാകാവ്യമാണ് ഇസ്രായേൽ വംശം കട്ടക്കയത്തിന്റെ ശ്രീയേശു വിജയം പുതിയനിയമവും (New Testament) പി.എം ദേവസ്യ തന്റെ രചനകളെ പശ്ചാത്തലമാക്കിയത് പഴയനിയമ (Old Testamant) മാകുന്നു. 1952ൽ പ്രസിദ്ധീകൃതമായ ഈ മഹാകാവ്യം ഹൃദ്യമായ വായനാനുഭവം നല്കുന്നു എന്ന് മാത്രമല്ല കൃസ്തുമതം ഒരു മതമെന്ന നിലയിൽ വളർന്നു പന്തലിച്ച മണ്ണിന്റെ ചരിത്രം വിവരിക്കുന്നു. 1939ൽ പ്രസിദ്ധീകൃതമായ ഇസ്രായേൽ വംശത്തിന്റെ തുടർച്ചയായി, ജോൺസിന്റെ അഭിപ്രായത്തിൽ, രണ്ടുമഹാകാവ്യങ്ങൾകൂടി ദേവസ്വയുടെതായി രചിക്കപ്പെട്ടു. അവ ശ്രദ്ധിക്കപ്പെടുന്നില്ല എന്നത് ദു:ഖകരമായ വസ്തുതയാണെന്നും ജോൺസ് കൂട്ടിച്ചേർക്കുന്നു. ഈ ലേഖനത്തിന്റെ മൂന്നാം പുറത്തിൽ എന്താണ് മഹാകാവ്യം എന്നത് സാമാന്യം ദീർഘമായി ഉപന്യസിച്ചിരിക്കുന്നു.

ജോൺസിന്റെ അഭിപ്രായത്തിൽ, മഹാകവി ടി.ആർ നായരുടെയും സ്ഥിതി പി.എം. ദേവസ്യയുടെതിൽ നിന്നും വ്യത്യസ്തമല്ല. സമാനതകളില്ലാത്ത സംഭാവനകളാണ് അദ്ദേഹം മലയാള സാഹിത്യത്തിന് നല്കിയത്. എന്തുകൊണ്ടോ അദ്ദേഹത്തിന് അർഹിക്കുന്ന അംഗീകാരം കിട്ടിയില്ല. ജോൺസ് ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നത് പോലെ മഹാകവി ടി.ആർ. നായരെ സംബന്ധിച്ചിടത്തോളം സാഹിത്യം തികച്ചും ഒരു അദ്ധ്യാത്മിക പ്രവർത്തനമായിരുന്നു. അക്കാര്യത്തിൽ ദൃഢമായി വിശ്വാസമുറപ്പിച്ചുകൊണ്ടാണ് സാഹിത്യോപസന അദ്ദേഹം നിർവ്വഹിച്ചുപോന്നത്. പരിഹാസവും എതിർപ്പും അദ്ദേഹം ശ്രദ്ധിച്ചിരുന്നില്ല. ഹൃദയരോദനം എന്ന അദ്ദേഹത്തിന്റെ വിലാപകാവ്യത്തെ ഇംഗ്ലീഷ് ഭാഷയിലെ പ്രശസ്തമായ വിലാപകാവ്യങ്ങളോടാണ്

ജോൺസ് താരതമ്യപ്പെടുത്തിയിട്ടുള്ളത്.

മഹാകവി സിസ്റ്റർ മേരി ബെനിജ്ഞ, ഈ പഞ്ചമഹാകവികളിൽ വേറിട്ട വ്യക്തിത്വം പുലർത്തുന്നു. 1928ൽ തന്റെ 27-ാം വയസ്സിൽ സന്യാസിനിയായി മഠത്തിൽ ചേർന്ന മേരി ബെനിജ്ഞ, മഠത്തിന്റെ നാലു ചുവരുകളിൽ പ്രാർത്ഥനയുമായി ചുരുങ്ങുന്നതിനു പകരം, യേശുദേവന്റെ അപദാനങ്ങളെകുറിച്ച് മറക്കാനാകാത്ത കവിതകളെഴുതാൻ തീരുമാനിക്കുകയാണുണ്ടായത്. കൂട്ടത്തിൽ അവർ രചിച്ച മാർത്തോമവിജയം എന്ന മഹാകാവ്യം മലയാള സാഹിത്യത്തിനും, ക്രിസ്തീയസാഹിത്യത്തിനു പ്രത്യേകിച്ചും, വലിയ മുതൽ കൂട്ടായി മാറുകയാണുണ്ടായത്. സെന്റ് തോമസ് അള 52ൽ കേരളക്കരയിൽ വന്നോ ഇല്ലയോ എന്നതിന് കവിതയിൽ പ്രസക്തിയില്ല. ചരിത്രസത്യങ്ങൾക്കല്ല കവിതയിൽ പ്രാമുഖ്യം. സഹൃദയൻ കവിത ആസ്വദിക്കുന്നത്, നക്ഷത്രങ്ങൾ പോലെയുള്ള പദങ്ങൾ ശബ്ദസാന്നിദ്ധ്യത്തോടെ സൃഷ്ടിക്കുന്ന രേഖാചിത്രങ്ങൾ സൃഷ്ടിക്കുന്ന ശബ്ദ/അർത്ഥപ്രപഞ്ചത്തിന്റെ ആസ്വാദനത്തിലാണ്. ഈ സൃഷ്ടിരഹസ്യം അറിയുന്ന കവിയായിരുന്നു മേരി ബെനിജ്ഞ. സ്ത്രീകൾക്ക് അർഹിക്കുന്ന സമത്വവും ബഹുമാനവും കല്പിക്കാത്ത ഒരു പൊതുമണ്ഡലത്തിൽ, ഒരു സ്ത്രീ, അതും ഒരു സന്യാസിനി, മഹാകാവ്യമെഴുതി കേരളത്തിലെ കവിതാസ്വാദകരെ പുളകം കൊള്ളിച്ചു എന്നത് വലിയനേട്ടമാണെന്ന് ജോൺസ് എടുത്തു പറയുന്നു.

കാരുണ്യത്തിനുവേണ്ടിയുള്ള അന്വേഷണം, ജോൺസിന് പ്രിയപ്പെട്ട വിഷയമാണ്. ഈ സമാഹാരത്തിൽ തന്നെ പല ലേഖനങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെടുന്ന ക്രിസ്തു/ബുദ്ധമത വിശ്വാസസംഹിതയുടെ അടിസ്ഥാനവും ഈ രണ്ടു മതങ്ങളും അടിസ്ഥാനപ്രമാണമായി അനുശാസിക്കുന്ന കാരുണ്യം എന്ന വികാരമാണ്. (Our Lord the Compassinioate, Buddha the Compassinate). മലയാള കവിതയിൽ ഈ കാരുണ്യസ്പർശം ഒരു പ്രമേയമായിത്തന്നെ നിറഞ്ഞുനില്ക്കുന്നത് 2022ൽ ശതാബ്ദിയാഘോഷിച്ച ആശാന്റെ ചണ്ഡാലഭിക്ഷുകി എന്ന കവിതയിലാണ്. ഈ സമാഹാരത്തിലെ പ്രധാനപ്പെട്ട ഒരു ലേഖനം നൂറ്റാണ്ട് തികയുന്ന ചണ്ഡാലഭിക്ഷുകി യാണ്. ജാതിയുടെയും മതത്തിന്റെയും പേരിൽ സാധാരണ മനുഷ്യർ പീഡിപ്പിക്കപ്പെടുന്നിടത്തോളം കാലം, ചണ്ഡാലഭിക്ഷുകി എന്ന കവിതയ്ക്ക് പ്രസക്തിയുണ്ടായിരിക്കും എന്ന് ജോൺസ് വാദിയ്ക്കുന്നു.

സ്നേഹിക്കയുണ്ണീ നീ, നിന്നെ,
ദ്രോഹിക്കുന്ന ജനത്തേയും

എന്ന ആശാന്റെ വരികൾ ഉദ്ധരിച്ചുകൊണ്ട് ജീസസ്സിന്റെ മഹത്തായ സ്നേഹസന്ദേശം തന്നെയാണ് ഈ വരികളിൽ പ്രതിഫലിക്കുന്നത് എന്ന് ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. ആശയപ്രധാനമായ സമകാലീന കവിത എന്ന പതിനാറാമത്തെ ലേഖനത്തിൽ തൃശ്ശൂരിലെ അറിയപ്പെടുന്ന കവികളെയും അവരുടെ കവിതകളെയും പരിചയപ്പെടുത്തുന്നു. രാവുണ്ണി, റഫീക്ക് അഹമ്മദ്, പി.പി രാമചന്ദ്രൻ, കെ.ആർ ടോണി എന്നിവരുടെ കവിതകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇവരുടെയെല്ലാം കവിതാശകലങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇവരെല്ലാവരും ആശയങ്ങളിലും ഭാവുകത്വസമീപനങ്ങളിലും പദസൗന്ദര്യബോധത്തിലും ഉയർന്ന നിലവാരം പുലർത്തുന്ന കവികളാണ് എന്ന് ഉദാഹരണസഹിതം ജോൺസ് സ്ഥാപിക്കുന്നുണ്ട്. എന്നിരിക്കിലും ലേഖനത്തിന്റെ ആദ്യഖണ്ഡികകളിലെ പല അഭിപ്രായങ്ങളോടും യോജിക്കാൻ കഴിയുന്നില്ല. ഇതായിരിക്കണം കവിത എന്ന മുൻവിധിയോടെയാണ് ജോൺസ് സമകാലീന മലയാളകവിതയെ സമീപിക്കുന്നത്. ധാരണകൾ നല്ലതു തന്നെയാണ്, പക്ഷെ അതു മാത്രമാണ് ശരി എന്നു വിശ്വസിച്ചുകൊണ്ടുള്ള അഭിപ്രായങ്ങൾ നമ്മെ സത്യത്തിലേക്കെത്തിക്കുന്നില്ല. ഉദാഹരണത്തിന് പുതിയ ലോകത്തിലെ കവികളിലധികവും അടഞ്ഞമുറികളിൽ ഇരുന്നെഴുതുന്നവരാണ്. എന്ന അഭിപ്രായത്തോട് യോജിക്കാൻ പ്രയാസമാണ്. ഷോൺ കോക്തു, എസ്റാ പൗണ്ട്, ഡബ്ളു. എച്ച്. ഓഡൻ, ബ്രഹ്ത്, നെറൂദ, എ.ആർ. രാജരാജവർമ്മ, തുടങ്ങി പല പ്രശസ്തരായ എഴുത്തുകാരുടെ കവിതയെപ്പറ്റിയുള്ള നിർവ്വചനങ്ങളും നിരീക്ഷണങ്ങളും ജോൺസ് എടുത്തുപറയുന്നുണ്ട്. പക്ഷെ ഇതെല്ലാം അപൂർണ്ണമാകുന്നു. അതുകൊണ്ട്, അതായിരിക്കണം കവിത എന്ന് ശഠിക്കുന്നത്, വസ്തുതാവിരുദ്ധമായ സമീപനമായിരിക്കും.

ഈ സമാഹാരത്തിന്റെ പൊതുധാരയിൽ നിന്നും വേറിട്ടുനില്ക്കുന്ന രണ്ടു ലേഖനങ്ങളാണ് ജിദ്ദുകൃഷ്ണമൂർത്തിയുടെ സാമൂഹികദർശനവും , ജോർജ്ജ്ലൂയി ബോർഹസ്സും എഴുത്തുവിദ്യയും . ജെ. കൃഷ്ണമൂർത്തി (1895–1985), ചെന്നൈ

അഡയാർ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന തിയോസഫിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ മുഖ്യപ്രഭാഷകനായിരുന്നു. ജെ. കെ.എന്നറിയപ്പെട്ടിരുന്ന ജെ. കൃഷ്ണമൂർത്തിക്ക് ധാരാളം ആരാധകരുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആശയപ്രപഞ്ചത്തിന്റെ സ്വഭാവം ചോദ്യോത്തര രീതിയിൽ ധാരാളം പുസ്തകങ്ങളിലായി മാർക്കറ്റിൽ ലഭ്യമാണ്. ജോൺസ് ലേഖനത്തിൽ ആത്മദീപോഭവ (Be Your own light - നീ നിനക്ക് തന്നെ വെളിച്ചമാകട്ടെ) എന്ന ശ്രീബുദ്ധന്റെ അവസാനവാക്കുകൾ ജെ.കെ.യുടെ മാർഗ്ഗനിർദ്ദേശകതത്വമായിരുന്നു എന്ന് സമർത്ഥിക്കുന്നു.

തെക്കേ അമേരിക്കയിലെ അർജന്റീനയിൽ ജനിച്ചുവളർന്ന വിശ്വപ്രസിദ്ധനായ ചെറുകഥാകൃത്തും കവിയും പരിഭാഷകനും അദ്ധ്യാപകനുമായിരുന്ന ജോർജ്ജ് ലൂയി ബോർഹസ് (1899-1986). ജീവിതത്തിനോടും എഴുത്തിനോടുമുള്ള ബോർഹസിന്റെ സമീപനങ്ങളെ സംക്ഷിപ്തമായി പ്രതിപാദിക്കുന്ന ലേഖനമാണ് ബോർഹസ്സും എഴുത്തുവിദ്യയും ബോർഹസ്സിനോട് ജോൺസിനുള്ള കലവറയില്ലാത്ത ആരാധന ലേഖനത്തിലുടനീളം പ്രകടമാണ്, അത് ശരിയാണ് താനും. A deep philosopher of poetry and poet of philosophy (കവിതയുടെ ദാർശനികനും ദാർശനികതയുടെ കവിയും) എന്നാണ് ഒരു പ്രശസ്ത വിമർശകൻ ബോർഹസ്സിനെ വിശേഷിപ്പിക്കുന്നത്. മെറ്റാഫിസിക്സിന്റെ അന്തർധാരയില്ലാത്ത ഒരു കഥയോ കവിതയോ താൻ ഒരിക്കലും എഴുതിയിട്ടില്ല എന്ന് ബോർഹസ് തന്നെ സമ്മതിച്ചിട്ടുണ്ട്. ബോർഹസിന്റെ പ്രശസ്തമായ പല ഉദ്ധരണികളും ജോൺസ് ലേഖനത്തിലെടുത്തു പറയുന്നുണ്ട്. എഴുത്ത് എന്നത് സ്പഷ്ടമായും ഒരു കരവേലയാണ്. ദേഹവും ദേഹിയും ആ പ്രക്രിയയിൽ ഉണ്ട് , വീണ്ടും ചില വാക്കുകൾക്ക് കഠിനമായ വികാരതീവ്രതയുണ്ടാകാം, കടുത്ത വികാരതീവ്രതയില്ലാതെ ഒരാൾക്കും ഒന്നും തന്നെ എഴുതാൻ കഴിയില്ല. ബോർഹസിന്റെ അവസാനത്തെ അഭിമുഖത്തിൽ അദ്ദേഹം അടിവരയിട്ട് പറഞ്ഞ ഒരു കാര്യമുണ്ട്. I have always been a greater reader than a writer (ഒരു എഴുത്തുകാരനേക്കാൾ ഞാൻ എന്നും ഒരു നല്ല വായനക്കാരനായിരുന്നു). 20-ാം നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ തെക്കേ അമേരിക്കൻ സ്പാനിഷ് എഴുത്തുകാരൻ നെറൂദയോ, മാർക്വിസോ, യോസയോ അല്ല, ബോർഹസാണെന്നു വിശ്വസിക്കുന്ന ധാരാളം ആളുകളുണ്ട്.

സമ്പന്നമായ വായനാനുഭവം നല്കുന്നു എന്നതാണ് പ്രൊഫസ്സർ വി.പി. ജോൺസിന്റെ ഈ സമാഹാരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. വിഷയം ചരിത്രമാണെങ്കിലും സാഹിത്യമാണെങ്കിലും ആരെയും അതിശയിപ്പിക്കുന്ന ഇൻഫർമേഷന്റെ ഒരു നിറവ് ഈ ലേഖനങ്ങളിൽ നമുക്ക് കാണാം. നൂറുകണക്കിനു വ്യക്തികൾ, കഥാപാത്രങ്ങൾ, സംഭവങ്ങൾ, സ്ഥലപുരാണങ്ങൾ, മിത്തുകൾ, ഉദ്ധരണികൾ ധൈഷണികതയുടെ ഇടിമിന്നലുകൾ, ഇതെല്ലാം വായനക്കാരനെ ആകർഷിക്കുന്നു. കാരുണ്യവും സ്നേഹവും സമത്വവും മൂല്യബോധവും നിറഞ്ഞ ഒരു ലോകം സ്വപ്നം കാണുന്ന എഴുത്തുകാരനാകുന്നു ജോൺസ്. ഇതിനർഥം, ഈ ലേഖനങ്ങളിലെ നിഗമനങ്ങളോട് നാം യോജിക്കുന്നു എന്നല്ല, വിയോജിപ്പുള്ള ധാരാളം നിരീക്ഷണങ്ങളും നിഗമനങ്ങളും ഈ ലേഖനങ്ങളിലുണ്ട്. ഈ അഭിപ്രായ വ്യത്യാസം ജോൺസിന്റെ ചരിത്ര/സാഹിത്യസങ്കല്പങ്ങളിൽ തന്നെ തുടങ്ങുന്നു. വെറും 400 വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്നു എന്ന് വിശ്വസിക്കപ്പെടുന്ന എഴുത്തച്ഛനെപ്പറ്റിയോ പൂന്താനത്തെപ്പറ്റിയോ കൃത്യമായ ചരിത്രരേഖകൾ നമുക്കില്ല. അതേസമയം സെന്തോമസും ബുദ്ധഭിക്ഷുക്കളും ഒക്കെ വന്ന് മതപ്രചാരണം നടത്തി എന്ന് വിശ്വസിക്കാൻ നമുക്ക് തിടുക്കമാണ്. അനുമാനങ്ങളില്ലാതെ ചരിത്രമുണ്ടാകില്ല എന്നത് വസ്തുതയാണ്. എങ്കിലും അനുമാനത്തിന്റെ തോത് പ്രശ്നവൽകൃതമാണ്. ഈ സന്ദർഭത്തിൽ ജർമ്മൻ തത്വചിന്തകനായ ഫ്രഡറിക് നീഷെയുടെ പ്രശസ്തമായ വാക്യം നാം ഓർത്തുപോകുന്നു. There are no facts, only interpretations. (വസ്തുതകളില്ല. വ്യാഖ്യാനങ്ങൾ മാത്രം) വളരെ ചെറിയ ഒരു തെളിവിനു മുകളിൽ വ്യാഖ്യാനങ്ങളുടെയും അനുമാനങ്ങളുടെതുമായ ഒരു കമഴ്ത്തിവെച്ച പിരമിഡിനെ നാം സൃഷ്ടിക്കുന്ന സാമാന്യചിന്തയെ ചോദ്യം ചെയ്യലാണ്. ഈ പരിമിതികൾ നിലനില്ക്കുമ്പോഴും കൂടുതൽ വായിക്കുവാനും, ഗവേഷണം നടത്തുവാമുള്ള സാദ്ധ്യതകൾ നല്കുന്നു എന്നതുകൊണ്ട് പ്രൊഫസ്സറുടെ തൂലികയിൽ നിന്നും കൂടുതൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ലേഖനങ്ങൾ നമുക്ക് പ്രതീക്ഷിക്കാം.

# കൃത്യ സമയം





ബിജിലി പ്രബിൻ

'ഹോ എന്തൊരു മഴയാണിത് കൃത്യ സമയത്തിന് പള്ളിയിലേക്കു എടുക്കാൻ പറ്റുമെന്നു തോന്നുന്നില്ല, ഈ മഴ തോരാതെ ങ്ങനാ '

ആൾക്കൂട്ടത്തിൽ അടക്കം പറച്ചിൽ കേൾക്കാമായിരുന്നു. അവ നോർത്തു ശരിയാ അവളൊരിക്കലും കൃത്യ സമയത്തിന് ഒന്നും ചെയ്തിരുന്നില്ല.

'താരേ ഞാൻ നിന്നോട് പലപ്രാവശ്യം പറഞ്ഞിട്ടുണ്ട് ഞാൻ ഉണരുമ്പോൾ തന്നെ എനിക്ക് ബെഡ് കോഫി വേണമെന്ന് അതെങ്ങനെയാ നീ വന്നേപ്പിന്നെ എനിക്ക് കൃത്യ സമയത്തിന് ഒന്നും കിട്ടിയിട്ടില്ലല്ലോ ' മാത്തുവും കിച്ചുവും ഒരേ സ്വരത്തിൽ പറഞ്ഞു 'ശരിയാ പപ്പാ ശരിയാ' എന്നിട്ട് അവിടെ ഒരു കൂട്ടച്ചിരി ഉയർന്നു

അതങ്ങനെയാണല്ലോ എന്റെ കുറ്റം പറയാൻ നൂറു നാവാണ് അപ്പനും മക്കൾക്കും രാവിലെ നാലു മണിക്കു എഴുന്നേൽക്കുന്നതാണ് ഞാൻ. ജോ പോകുന്നതിനു പുറകെ ഞാനും ജോലിക്ക് പോകുന്നുണ്ട് വീട്ടിലെ എല്ലാ പണിയും ഞാൻ ഒറ്റക്കാണ് ചെയ്യുന്നത് ഓഫീസിൽ ചെന്നാലോ അവിടെ ഉണ്ടാകും ഒരു നൂറുകൂട്ടം പണി, അതിനിടയിൽ ബിസ്സിനെസ്സ് പ്രഷർ. ഇതിനൊക്കെ ഇടയിൽ ചിലപ്പോ ചിലതൊക്കെ മറന്നെന്നുവരും ചിലപ്പോ, ഇത്തിരി താമസിച്ചെന്നും വരും, എന്നാലും നിങ്ങളുടെ കാര്യങ്ങൾക്കൊന്നും ഞാൻ കുറവൊന്നും വരുത്താറില്ലല്ലോ. രാവിലെ കുറച്ചു നേരത്തെ എഴുന്നേറ്റു എന്നെയൊന്നു ഹെല്പ് ചെയ്യാൻ പറ്റില്ലേ ജോ? ഞാനില്ലാതെയാകുന്ന ഒരു സമയം വരും അന്ന് കാണാം എങ്ങനാ നിങ്ങളൊക്കെ ജീവിക്കുന്നതെന്ന് ' അതും പറഞ്ഞവൾ അടുക്കളയിലേക്ക് പോയി

രാവിലെ എഴുന്നേറ്റ് ഒരോ ട്ടപ്രദക്ഷിണം തന്നെയാണ്. താരയ്ക്കു ബ്രേക്ക് ഫാസ്റ്റ് ഉച്ചക്ക് ലഞ്ച് ഇതെല്ലാം കൊണ്ടു പോകണം നാലാൾക്കും. ജോ ആണെങ്കിലോ രാവിലെ എഴുന്നേറ്റു ബെഡ് കോഫി കുടിച്ചു മൊബൈൽ നോക്കി ഇരിക്കും താരയ്ക്കും കൃത്യം ഒമ്പതുമണിക്ക് ഓഫീസിലെത്തണം ഫിംഗർ പഞ്ചിങ് ആയതുകൊണ്ട് സെക്കൻറുകൾക്കും വിലയുണ്ട് ഇല്ലെങ്കിൽ ഹാഫ് ഡേ സാലറി കട്ട് ഇതിനിടയിൽ കുട്ടികളെ സ്കൂളിലാക്കണം അതും താരയുടെ ജോലിയാണ്

ഇനിയൊരു ഓഫ് കിട്ടിയാലോ ഒരു നല്ല സാരിയൊക്കെയുടുത്തു പള്ളിയിൽ പോണമെന്ന് വിചാരിചാൽ ജോ കിടന്നു അല



റുന്നുണ്ടാകും ’ താരേ നീ പള്ളിയിലേക്ക് പോണതോ അതോ ഫാഷൻ ഷോയ്ക്കു പോണതോ, കുർബാനയിപ്പോൾ പകുതി ആയിക്കാണും. ജോയുടെ അലർച്ചെക്കൊടുവിൽ ഒരു കള്ളച്ചിരിയൊക്കെയായി താര പതിയെ കാറിൽ വന്നിരിക്കും

വീട്ടിൽ ജോലിക്കൊരാളെ നിർത്തിയാൽ തീരാവുന്ന പ്രശ്നമേ ഉള്ളു. അല്ലെങ്കിൽ ജോ ഒന്നു മനസ് വച്ചാൽ മതി, രണ്ടു പേരും കൂടെ തീർക്കാവുന്ന ജോലി ഉള്ളു ആ വീട്ടിൽ, എന്നാൽ ആണുങ്ങൾ അടുക്കള പണി എടുക്കുന്നത് കുറച്ചിലാണെന്നു സങ്കല്പമുള്ള ഒരു ഫാമിലി ബാക്ക്ഗ്രൗണ്ട് ഉള്ള ജോയ്ക്ക് കിച്ചണിൽ കേറുന്നത് വലിയ അഭിമാനം പ്രശ്നമാ ണ്. രണ്ടുപേർക്കും ജോലി ഉണ്ടായിട്ടു പോലും ജീവിച്ചു പോകാൻ ബുദ്ധിമുട്ടാണ് സാലറി അക്കൗണ്ടിൽ വരുന്നതും കാണാം അതെ പോലെ പോകുന്നതും കാണാം വീട്ടുചിലവ് സ്കൂൾ ഫീ, ഹോം ലോൺ, കറന്റ്, വാട്ടർ ബില്ല്.... അങ്ങനെ പോകുന്നു ചെലവുകൾ, ഇതിനിടയിൽ ഒരു ട്രിപ്പ് പോയാൽ എന്തേലും ഒരു ഫംഗ്ഷൻ വന്നാൽ പ്ലാനിങ് മുഴുവൻ തെറ്റും അതാണാവസ്ഥ പിന്നെയെങ്ങനെ യൊരു സെർവന്റിനെ കൂടെ വക്കും.

പതിവുപോലെ ജോയുടെ കുറ്റപ്പെടുത്തലും താരയുടെ ഓട്ടപ്രദക്ഷിണവും എല്ലാം കഴിഞ്ഞ് സ്കൂളിൽ കുട്ടികളെ ആക്കിയപ്പോഴേക്കും നേരം വൈകി ഓഫീസിൽ ലേക്ക് എത്രയും പെട്ടെന്ന് എത്താനുള്ള തിടുക്കത്തിൽ പതിവിലും കുറച്ചു സ്പീഡിൽ സ്കൂട്ടറോടിച്ചു പോകുന്നതിനിടയിൽ എതിരെ വരുന്ന ലോറി കാണാൻ കഴിഞ്ഞില്ല താരയ്ക്ക്, ലോറി ഡ്രൈവറിന് ബ്രേക്ക് ചവിട്ടാനും പറ്റിയില്ല

മഴ പതിയെ തോർന്നിരുന്നു പള്ളിയിൽ നിന്നും അച്ചൻ വീട്ടിലെത്തി മൃത സംസ്കാരം ചടങ്ങുകൾ തുടങ്ങി. അന്ന് ആദ്യമായി താര കൃത്യ സമയത്തിന് പള്ളിയിലെത്തി. അവൾ സ്വയം ചമഞ്ഞൊരുങ്ങിയില്ല, ജോയുടെ കുറ്റപ്പെടുത്തൽ കേട്ടില്ല അടുക്കള ജോലിയൊതുക്കിയില്ല

മൃതസംസ്കാര ച്ചടങ്ങുകൾ കഴിഞ്ഞ് ആളുകൾ മടങ്ങുന്നതിനിടയിൽ അവരുടെ യിടയിലെ അടക്കം പറച്ചിൽ ഉണ്ടായിരുന്നു 'കൃത്യ സമയത്തിന് ' മഴ മാറിനിന്നല്ലോ, അവളുടെ ഒരു ഭാഗ്യം...! ●

കഥ

# ഓർമ്മകളിൽ



അനിൽ മണ്ണത്തൂർ



**എ**ന്തെന്നില്ലാത്ത ക്ഷീണം, രഘു വാച്ചിലേക്ക് നോക്കി സമയം ആറുമണി സൂര്യൻ പൂർണമായും അസ്തമിച്ചിരിക്കുന്നു. പല നിറത്തിലുള്ള ബൾബുകളുടെ പ്രകാശത്താൽ ആശ്രമത്തിൽ സന്ധ്യയുടെ ഒരു ലക്ഷണവുമില്ല. ഇന്നലെ വൈകുന്നേരം വീട്ടിൽ നിന്ന് ഇറങ്ങിയതാണ്, രാവിലെ ആശ്രമത്തിൽ എത്തിയെങ്കിലും ഇതുവരെ അമ്മയുടെ ദർശനം കിട്ടിയില്ല, അതിന് രാത്രിയാവും.

വയനാട്ടിലെ കാടരികിലെ പൂന്തോട്ടവും ഗോശാലയും പക്ഷികൂടുകളും ചെറുഅരുവികളും കുളങ്ങളുമായി വിസ്തൃതമായ ആശ്രമം എന്ത് മനോഹരം. ആയിരകണക്കിനാളുകൾ നിത്യ സന്ദർശനം നടത്തുന്ന ഇവിടെ ഏകദേശം നാല് വർഷമേ ആയിട്ടുള്ളു, എത്ര പെട്ടനാണ് ഈ വികസനം.

ബിരുദാനന്തര ബിരുദം കഴിഞ്ഞ് പന്ത്രണ്ട് വർഷമായിട്ടും ജോലിയോ, വിവാഹമോ ശരിയാകാത്ത രഘുവിനെ ഭുവനേശ്വരി മാതാവിന്റെ അനുഗ്രഹത്തിനായ് കൊണ്ടുവന്നതാണ് രാധമ്മ. ആശ്രമത്തിലെ നിത്യ സന്ദർശകയായ അയൽവാസി ദേവകിയേച്ചിയാണ് അവരെ ഇവിടെ എത്തിച്ചത്, കുട്ടിക്കാലത്തെ ഇവരിൽ ദൈവീക ശക്തി ഉണ്ടെന്നാണ് ദേവകിയേച്ചി പറയുന്നത്.

:'രഘു, നമുക്ക് ദർശന ഹാളിലേക്ക് ഇരിക്കാം'

:'സമയമായോ?'

:'ഇല്ല ഹാളിൽ കയറാനുള്ള അനുമതിയായ്, എന്നിട്ട് കുറെ കഴിഞ്ഞാൽ അമ്മയുടെ അടുത്തേക്ക് വിളിക്കും.'

അവർ പതുക്കെ ഹാളിലേക്ക് കയറി, അവിടെ ഒരു ഏകദേശം മുന്നൂറ് പേരുണ്ട്. മാർബിൾ വിരിച്ച ചുമരിൽ നിറച്ചും ചിത്രങ്ങൾ ഉള്ള മനോഹരമായ ഹാൾ.

അപ്പോഴാണ് സ്റ്റേജിൽ ഇരിക്കുന്ന ഭുവനേശ്വരി അമ്മയുടെ മുഖം അവൻ ശ്രദ്ധിച്ചത് ഇരുനിറം, തിളങ്ങുന്ന കണ്ണുകൾ, തല മൊട്ടയടിച്ചതാണെങ്കിലും എന്തൊരു ആകർഷണീയത.

ഒരു മധ്യവയസ്കയെയാണ് രഘു കരുതിയത്, പക്ഷെ ഇതൊരു ചെറുപ്പക്കാരി അവൻ വീണ്ടും വീണ്ടും ഭുവനേശ്വരി അമ്മയെ നോക്കി. നല്ല പരിചയം മനസ്സിൽ തങ്ങി നിൽക്കുന്ന രൂപം.

അവൾ ആരാ.....

എത്ര ചിന്തിച്ചിട്ടും അവനോർമ വരുന്നില്ല.

അവന്റെ തുറിച്ചുനോട്ടം കണ്ട് ദേവകിയമ്മ അവനെ നുള്ളി വിളിച്ചു.

:' നീ എന്താ ഇങ്ങനെ നോക്കുന്നത്?'

അവൻ ഒന്നും മിണ്ടിയില്ല.

ഇത് രാധയല്ലേ എൻറെ പഴയ സ്കൂൾ കൂട്ടുകാരി....! അവനോർത്തു.

അവന്റെ മനസ്സ് പതുക്കെ പുറകോട്ടു നിങ്ങാൻ തുടങ്ങി..

സ്കൂളിൽ പഠിക്കുമ്പോൾ തന്നേക്കാൾ പഠിക്കുന്ന രാധ, അധ്യാപകരൊക്കെ അവളെ കൂടുതൽ ശ്രദ്ധിക്കുന്നു. അതെ അവളോട് ചെറിയ കുശുമ്പായിരുന്നു, ഹൈസ്കൂളിൽ എത്തിയപ്പോൾ നല്ല സൗഹൃദം. അത് പരിണാമപ്പെട്ട് പ്രണയമായത് അവന് പോലുമറിഞ്ഞിരുന്നില്ല.

ഹൈസ്കൂൾ കാലശേഷം അവൾ മലപ്പുറത്തെ കോളജിൽ പോയപ്പോൾ രഘുവിന്റെ കുടുംബം അച്ഛന്റെ നാടായ വർക്കലക്ക് മടങ്ങി. രാധ മനസ്സിലുണ്ടായിരുന്നോ, അറിയില്ല.

ബിരുദ പഠന കാലത്ത് ഗുരുവായൂരിൽ വെച്ച് കണ്ട പഴയ ചങ്ങാതി ശശിയിൽ നിന്ന് കേട്ട വിവരം അത്ര സുഖമായിരുന്നില്ല. കോളേജിലെ തെമ്മാടികളുടെ ആക്രമണത്തിന് വിധേയയായ രാധ അകത്ത് അടച്ചിരിക്കുകയായിരുന്നത്രേ, ബുദ്ധി നഷ്ടപ്പെട്ട അവളെയും അമ്മയെയും ഏതോ ബന്ധു കൂട്ടി കൊണ്ടുപോയിരുന്നു. ഏത് അർദ്ധരാത്രിയിലും രഘുവിന് അവളെ അറിയും.അതെ, ആ രാധ തന്നെയാണ് ഈ മനുഷ്യ ദൈവം!

# മാനവി



രവീന്ദ്രൻ



**പു**ത്തൂർ കാവ് ഭഗവതി ക്ഷേത്രത്തിലെ കഴകം നടത്തിപ്പു കൊണ്ടു മാനവിയും അവളുടെ അമ്മയുമടങ്ങുന്ന ചെറിയ കുടുംബം അല്ലലില്ലാതെ ജീവിച്ചു പോകുന്നു.അമ്മയാണ് ക്ഷേത്രം ജീവനക്കാരിയെങ്കിലും കൂടുതൽ സമയവും ക്ഷേത്ര കാര്യങ്ങളിൽ വ്യാപൃതയാവുന്നത് മാനവിയാണ്. ക്ഷേത്രവും വീടും വിട്ടു മറ്റൊരു ലോകവും അവൾക്കില്ല. കാര്യമായ ശമ്പളം അമ്പലത്തിൽ നിന്നും കിട്ടുന്നില്ലെങ്കിലും മാലകെട്ടി കൊടുക്കുമ്പോൾ കിട്ടുന്ന ദക്ഷിണ കൊണ്ടു ജീവിച്ചു പോകാം. രണ്ടു പേരുള്ള വീട്ടിൽ അത്രക്കല്ലേ ചെലവുള്ളൂ. വിവാഹം കഴിക്കാതെ തന്നെ മുകാമി വാരസ്യാർക്ക് ഒരു കുഞ്ഞുണ്ടായി. പണ്ടൊരു ശാന്തിക്കാരൻ

വാരസ്യാർക്ക് കൊടുത്ത സമ്മാനമായിരുന്നു മാനവി. തിടപ്പള്ളിയിൽ പ്രസാദം വച്ചുണ്ടാക്കി ഭഗവതിയ്ക്കു നേദിക്കുന്ന നമ്പൂതിരിക്കു ഊട്ടുപുരയിൽ മാലക്കെട്ടുന്ന അമ്പലവാസിയായ മുകാമി വാരസ്യർക്ക് സന്താന സൗഭാഗ്യം ലഭിച്ചത് അക്കാലത്ത് വലിയ സംഭവമൊന്നുമായിരുന്നില്ല

ദേവിയ്ക്ക് രാവിലെ ചാർത്താനുള തെച്ചി മാലയും തുളസിമാലയും തലേ ദിവസം തന്നെ തയ്യാറാക്കി വയ്ക്കും. പിന്നെയുള്ളതു വഴിപാടുകൾക്കനുസരിച്ച് ശീട്ടാക്കുമ്പോൾ ചെയ്താൽ മതിയല്ലോ. തിരക്കുള്ള ദിവസം മാത്രമാണ് അമ്മയും മകളും അമ്പലത്തിൽ മാലക്കെട്ടാൻ ഇരിയ്ക്കാറുള്ളു. മാലയ്ക്കുള്ള എല്ലാ ശീട്ടുകൾക്കും വെവ്വേറെ മാല കെട്ടുക പതിവില്ല. ചില ഭക്തർക്ക് അവരുടെ മുമ്പിൽ വച്ച് മാല ചാർത്തണമെന്ന് നിർബ്ബന്ധമുണ്ടെങ്കിൽ പ്രത്യേകം മാലയും കെട്ടി കൊടുക്കാറുണ്ട്. അങ്ങനെയുള്ളവരിൽ നിന്നാണല്ലോ ദക്ഷിണയും കിട്ടാറുള്ളത്. അതു കാണ്ടു തന്നെ പുത്തൂർ കാവ് ഭഗവതി ഈ വീടിന്റെ ഐശ്വര്യമെന്ന് വീടിന്റെ മുമ്പിൽ എഴുതി വയ്ക്കാറുമുണ്ട്. ദേവിയുടെ അനുഗ്രഹത്തിൽ വല്യ കഷ്ടപാടില്ലാതെ ജീവിച്ചു പോകുന്നു. 'ന്താ മാനു കുട്ട്യേ വിശേഷം ' ക്ഷേത്രത്തിൽ തൊഴാൻ വരുന്ന സൗദാമിനിയമ്മ ചോദിക്കും ' ന്നൂല്യാ സൗദേച്ച്യേ' ഇഷ്ടത്തോടെയല്ലെങ്കിലും മാനു മറുപടി പറയും. കൊനഷ്ടു ചോദ്യങ്ങളുടെ തുടക്കമാണ് ഇതെന്ന് മാനുവിന് അറിയാമായിരുന്നു. 'അച്ഛൻ തിരുമേനിയെപ്പറ്റി വല്ല വിവരോം ണ്ടോ കുട്ട്യേ....?' സൗദാമിനിയമ്മയുടെ അർത്ഥംവച്ചുള്ള ചോദ്യത്തിന് മാനു മുപടി പറഞ്ഞില്ല. ക്ഷേത്രം പ്രസിഡന്റ് മാധവൻ നായരുടെ ഭാര്യയായതു കൊണ്ട് ആയമ്മയ്ക്ക് തെല്ലൊരു അധികാരം ഉണ്ടെന്നാണ് ഭാവം. 'ന്താപ്പോ ചെയ്യാ തന്തല്യാത്ത കുട്ട്യോൾക്കും ജീവിക്കേണ്ടേ' സൗദാമിനിയമ്മ സ്വയം ആശ്വസിപ്പിച്ചു. 'ആലോചന വല്ലതും വരണുണ്ടാ' അടുത്ത പാരയിലേക്ക് കടന്നു. അതിനും മാനു മറുപടി പറഞ്ഞില്ല. 'ആരു വരാനാ ല്ലേ' ആയമ്മയുടെ ആ ആത്മഗതത്തിത്തിന് 'അമ്പലത്തില് തൊഴാൻ വരുന്നോര് ന്തെല്ലാം കാര്യങ്ങളാ അന്വേഷിക്കേണ്ടത്' നല്ല വായടപ്പൻ മറുപടി കൊടുക്കാൻ മാനുവിന് മടിയുണ്ടായിരുന്നില്ല. 'ഓ തറു തല, തറുതല' സൗദാമിനിയമ്മയ്ക്ക് അല്പം സമാധാനമായിയെന്നാണ് തോന്നുന്നത്. 'തെച്ചി മാല ആയെങ്കിൽ കൊടുത്തോളു മാനു ' ശ്രീ കോവിലിൽ നിന്നും തിരുമേനി വിളിച്ചു പറഞ്ഞതോടെ തൽക്കാലം ഒരു വെടി നിറുത്തൽ

നിലവിൽ വന്നു.

അമ്പലത്തിൽ മാലകെട്ടുന്ന ജോലിയും തിടപ്പള്ളിയിലെ പാത്രങ്ങൾ കഴുകലും കഴിഞ്ഞാൽ മാനു ശീഘ്രം വാര്യാത്തേക്ക് പോരും അധികമാരോടും സംസാരിക്കാത്ത പ്രകൃതമാണെങ്കിലും വല്ലാണ്ട് ചൊറിയാൻ വരുന്നോരോട് ഉരുളയ്ക്കുപ്പേരി കൊടുക്കാനും മാടിക്കാറില്ല. അമ്മയുണ്ടാക്കിയ പേരുദോഷം മകളിൽ വലിയ അളവിൽ അപകർഷതാബോധം വളർത്തിയിട്ടുണ്ട്. വീട്ടിൽ വന്നാൽ പ്രധാനമായും വായനയാണ് പതിവ്. എല്ലാത്തരം പുസ്തകവും വായിക്കുമെങ്കിലും കവിതകളോടാണ് പ്രിയം. അടുത്ത വീട്ടിലെ ഉത്തമനാണ് പുസ്തകങ്ങൾ കൊണ്ടുവന്ന് കൊടുക്കുന്നത്. മാനുവിനേക്കാൾ രണ്ടോ മൂന്നോ വയസ് കുറവുണ്ടെങ്കിലും ഉത്തമൻ കോളേജിലാണ് പഠിക്കുന്നത്. ഡിഗ്രി രണ്ടാം വർഷം. സമയം കിട്ടുമ്പോഴെല്ലാം ഉത്തമൻ മാനുവിന്റെയടുക്കൽ വരും. കോളേജിലെ ഒട്ടനവധി കാര്യങ്ങൾ സംസാരിക്കും, അതെല്ലാം മാനുവിന് കേൾക്കാൻ അതീവ താൽപ്പര്യമുണ്ടായിരുന്നു. നന്നായി പഠിച്ചിരുന്ന മാനവിയ്ക്ക് കോളേജ് പഠനത്തിനുള്ള അവസരമുണ്ടായിരുന്നില്ല. എന്നാൽ തന്റെ വായനാ ലോകവും അല്പ സ്വല്പവുമുള്ള കവിതയെഴുത്തും കൊണ്ടു മാനുവിന്റെ ജീവിതം സംതൃപ്തമാണ്. നാട്ടുവിശേഷങ്ങളും സാമൂഹ്യ വിഷയങ്ങളും ഉത്തമനുമായി എപ്പോഴും ചർച്ച ചെയ്യാറുമുണ്ട്. ആരുടെയും ഉപദേശങ്ങൾ കേൾക്കുന്ന പതിവ് അവൾക്കുണ്ടായിരുന്നില്ല. മുകാമി വാരസ്യാർ മകളെ ഉപദേശിക്കാനോ ഗുണദോഷിക്കാനോ മെനക്കടാറുമില്ല. ഒരു പക്ഷേ തനിക്കതിനുള്ള അർഹതയില്ലെന്ന് അവർക്കറിയാമായിരുന്നു.



മകളുടെ മുമ്പിൽ സദാചാരത്തെക്കുറിച്ചോ മര്യാദപൂർണ്ണമായ പെരുമാറ്റത്തെക്കുറിച്ചോ യുള്ള ചർച്ചയൊന്നും മുകാമി വാരസ്യർ നടത്താറില്ലെങ്കിലും ഊണിലും ഉറക്കത്തിലും തന്റെ മകളെക്കുറിച്ചുള്ള വേവലാതി ആ അമ്മയെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. തന്റെ കാലശേഷം മോൾക്കാരാണുണ്ടാവുകയെന്ന ചിന്ത ഈയിടെയായി അമ്മയെ കലശലായി അലട്ടി കൊണ്ടിരുന്നു. അവളുടെ ഭാവിയെപ്പറ്റി എന്തെങ്കിലും സംസാരിക്കുന്നതു പോലും അമ്മയ്ക്കു ഭയമാണ്. പുസ്തകവായനിയിൽ മുഴുകിയിരിക്കുന്ന മാനുവിനോട് ' മോളേ നാളെ രാമൻ നായരോട് ഇവിടെ വരെ ഒന്നു വരാൻ അമ്മ പറഞ്ഞിട്ടുണ്ട്. 'മു കാമി വാരസ്യാർ കാര്യം പറയാനുള്ള തുടക്കമിട്ടു. അതിനു മാനു ഒന്നും തന്നെ മിണ്ടിയില്ല. 'ഒരാലോചനയുമായിട്ടാണ് അയാൾ വരുന്നത് 'അമ്മ കാര്യം പറഞ്ഞൊപ്പിച്ചു ' മോളെന്താണ് ഒന്നും പറയാത്തേ ?' അമ്മ വീണ്ടും ചോദിച്ചു. 'അമ്മയ്ക്കെന്താ അതൊന്നും ശരിയാവില്ല. ' മാനു മറുപടി പറഞ്ഞു. 'നമ്മുടെ കാര്യമെല്ലാം രാമൻ നായർക്കറിവുള്ളതാണല്ലോ ? കുറച്ചകലെ നിന്നാണ് ഷൊർണൂരിനടുത്ത് കൊളപ്പുള്ളീന്നാ പറഞ്ഞേ,നായരാണ് ' വായന നിറുത്തി എഴുന്നേറ്റു പോകുമ്പോൾ മാനു മറുപടിയൊന്നും പറഞ്ഞില്ല. അതൊന്നും നടക്കില്ലന്ന് അവൾക്കറിയാമായിരുന്നു. കൊള്ളാവുന്ന കുടുംബത്തിൽ നിന്നോ അല്പം സ്വഭാവഗുണമുള്ള ആരെങ്കിലും ഇതുവരെ വന്നിട്ടില്ല. സാമ്പത്തീക പരാധീനതയും അമ്മയുടെ പേരുദോഷവുമുള്ള ഈ കുടുംബത്തിലേക്ക് നല്ല ആലോചനയെങ്ങനെ വരാനാണ്. വിവാഹം കഴിച്ച് ജീവിക്കണമെന്ന ആഗ്രഹം തന്നെ മാനുവിന് ഇല്ലാതെയായി.

ഇരുപത്തിയാറാം വയസിൽ വിവാഹ പ്രായമെല്ലാം കഴിഞ്ഞു പോയെന്നുള്ള ചിന്തയൊന്നും മാനുവിനെ അലട്ടിയിട്ടില്ല, അമ്മയ്ക്ക് പറ്റിയത് ഒരു വലിയ തെറ്റാണെന്നും അവൾക്ക് തോന്നിയിട്ടില്ല. സ്വാഭാവികമായ ഒരവസ്ഥയാണ് അമ്മയ്ക്കുണ്ടായത്. ഒരു പുരുഷന്റെ ചതിയായിട്ടാണ് അവൾ അതിനെ



വിലയിരുത്തുന്നത്. ഗർഭം ധരിക്കുന്നത് എപ്പോഴും സ്ത്രീയാണല്ലോ അതുകൊണ്ട് പുരുഷൻ എപ്പോഴും സമൂഹത്തിൽ രക്ഷപ്പെടുകയും വിജയിക്കുകയും ചെയ്യുന്നു. വഞ്ചിക്കപ്പെട്ട സ്ത്രീകളിൽ മുകാമി വാരസ്യാർ ആദ്യത്തെയോ അവസാനത്തെയോ ആളല്ല. സമൂഹത്തെ ഭയന്ന് ആത്മഹത്യ ചെയ്യാതെ ജീവിച്ചതിൽ ഒരർത്ഥത്തിൽ അമ്മയെ ഓർത്ത് മാനവി അഭിമാനം കൊള്ളുന്നുണ്ടായിരുന്നു. അച്ഛനെ കാണണമെന്നുള്ള ചിന്ത ഒരിക്കലും അവളിലുണ്ടായിട്ടില്ല. ജനിച്ചന്നു മുതൽ അച്ഛനെന്നുള്ള ഒരു സങ്കൽപം പോലും അവളിലുണ്ടായിട്ടില്ല. അച്ഛനെച്ചൊല്ലിയുള്ള സഹതാപങ്ങളും കുറ്റപ്പെടുത്തലുകളും മറ്റുള്ളവരുടെ അന്വേഷണങ്ങളും ദ്വയാർത്ഥം വച്ചുള്ള ചോദ്യങ്ങളും അച്ഛനെന്ന അമൂർത്തമായ രൂപത്തെ വെറുപ്പിന്റെ പര്യായമായിട്ടാണ് മാനുവിന്റെ മനസിൽ രൂപപ്പെടുത്തിയത്

പറഞ്ഞതുപ്പോലെ രാമൻ നായർ കൊളപ്പുള്ളിയിൽ നിന്നുള്ള ആലോചനയുമായി വന്നിരിക്കുന്നു. അഞ്ചു പേരടങ്ങുന്ന സംഘത്തിൽ കൊമ്പൻ മീശയുള്ള മുറുക്കി ചുവന്ന ചുണ്ടുകളോടു കൂടിയ ഉയരമുള്ള ആൾക്കാണ് ആലോചനയെന്ന് രാമൻ നായർ പരിചയപ്പെടുത്തുന്നുണ്ട്. അവർ പറയുന്നതെല്ലാം അമ്മ മൂളി കേൾക്കുന്നുണ്ട്. മകളെ വിളിക്കാൻ ചെറുക്കന്റെ കൂടെ വന്നിട്ടുള്ള വയസായ ആൾ ആവശ്യപ്പെട്ടു. ചായയുമായി മാനു അവരുടെ മുമ്പിലേക്ക് പുറപ്പെട്ടു. എല്ലാവർക്കും ചായ പകർന്നു കൊടുത്തു, 'എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ആവാം'രാമൻ നായർ ആവശ്യപ്പെട്ടു. 'അവനൊന്നും പറയാനില്ല' വയസ്സൻ ഇടപ്പെട്ടു. ഒന്നു മിണ്ടാതെ വായിൽ എന്തോ ചവച്ചു കൊണ്ടിരിക്കുന്ന ചെറുക്കനോട് 'എന്ത് ജോലിയാ ചെയ്യുന്നേ?' മുകാമി വാരസ്യാർ ചോദിച്ചു. 'അങ്ങനെയൊന്നൂല്യാ..എല്ലാ ജോലിക്കും പോകും'വയസന്റെ മറുപടി. 'വീട്ടിലാരൊക്കെയുണ്ട് ' മുകാമി അടുത്ത ചോദ്യത്തിലേക്ക് കടന്നു. 'അങ്ങനെ പറയാൻ ആരുമില്ല. കല്യാണം കഴിയാത്ത ഒരു പെങ്ങളുണ്ട് ' വയസൻ തന്നെയാണ് മറുപടി പറഞ്ഞത് 'അതെന്താ കല്യാണം കഴിക്കാത്തേ..?' വാരസ്യാർ വിവരം തിരക്കി. ' അവളും ഇവനെപ്പോലെ സംസാരിക്കില്ല. ' വയസൻ തന്നെയാണ് പിന്നെയും മറുപടി പറഞ്ഞത്. ചെറുക്കൻ സംസാര വൈകല്യമുള്ള ആളാണെന്ന് രാമൻ നായർ പറഞ്ഞിരുന്നില്ല. ' 'അതൊന്നും ഇന്നത്തെ കാലത്ത് അത്രയ്ക്കങ്ങട് കാര്യാക്കണ്ടാ' രാമൻ നായർ കൂട്ടിച്ചേർത്തു. 'ന്താ മാനു ഇഷ്ട്ടായിച്ചാ ഇതങ്ങട് ഒറപ്പിയ്ക്കാം ല്ലേ ' രാമൻ നായർ കാര്യത്തിലേക്ക് കടന്നു. 'ആലോചിച്ച് പറയാം' അതു പറഞ്ഞത് അകത്തു നിന്നും മാനവിയായിരുന്നു.. 'ന്നാ ശരി നമുക്കിറങ്ങാം' വയസൻ കുടയുമെടുത്ത് യാത്രയായി പിന്നാലെ മറ്റു നാലു പേരും പുറപ്പെട്ടു.

പല വിവാഹാലോചനകളും വരുന്നുണ്ടെങ്കിലും ഒന്നു പോലും ഗുണമുള്ളതായി തോന്നിയിട്ടില്ല. അംഗവൈകല്യമുള്ളവരെ സഹിക്കാം മദ്യപാനികളും മറ്റു സ്വഭാവ ദൂഷ്യമുള്ള വരുമായി എങ്ങനെ പൊരുത്തപ്പെടും. 'രാമൻ നായരോട് എന്താ പറയാ..' അമ്മ ചോദിച്ചു. 'അമ്മയ്ക്കെന്താ തോന്നണേ' മാനു തിരിച്ചു ചോദിച്ചു. ' ഒക്കെ നിന്റെ ഇഷ്ടം അത്രെ നിക്ക് പറയാനുള്ളൂ' അമ്മ കാര്യം പറഞ്ഞു. 'ന്ന നിക്ക് തീരെ ഇഷ്ട്ടായില്യാന്ന് കൂട്ടിക്കോളു' മാനു തീർത്തു പറഞ്ഞു. 'ഏതു ഗന്ധർവൻ വരൂന്നു വച്ചിട്ടാ കാത്തിരിക്കണേ?' വാരസ്യാർ അല്പം കടുപ്പിച്ച് പറഞ്ഞു. 'വേണ്ടാ ആരും വരേണ്ട ഞാനിവിടെ ജീവിച്ചു പൊക്കോളാം ' .മാനു കൂടുതൽ വ്യക്തത വരുത്തിപ്പറഞ്ഞു 'ന്റെ ഭഗവതീ നിക്ക് ഈ വിധി വന്നൂലോ ' സ്വന്തം വിധിയെ പഴിക്കാനല്ലാതെ ആ അമ്മയ്ക്ക് എന്തു ചെയ്യാൻ പറ്റും.

മാനവി മനസു തുറന്നു സംസാരിക്കുന്നതും പൊട്ടിച്ചിരിക്കുന്നതും ഉത്തമൻ വീട്ടിൽ വരുമ്പോഴാണ്. കോളേജ് ലൈബ്രറിയിൽ നിന്നും നാട്ടിലെ വായനശാലയിൽ നിന്നും മാനുവിന് ആവശ്യമുള്ള പുസ്തകങ്ങൾ എത്തിച്ചു കൊടുക്കുന്നത് ഉത്തമനാ

ണ്. അയാളുടെ പതിവു സന്ദർശനവും സാന്നിധ്യവും മാനുവിന് ഏറെ ആനന്ദദായകമായിരുന്നു. അവരുടെ സൗഹൃദവും സ്നേഹപ്രകടനവും അതിരുകൾ ഭേദിച്ച് മുന്നോട്ടു പോകുന്നുണ്ടായിരുന്നു. ഒരു ദിവസം പോലും കാണാതിരിക്കാൻ വയ്യാത്ത പ്രണയത്തിന്റെ കടലിരുമ്പം ഇരു ഹൃദയങ്ങളിലും അലയടിക്കുന്നുണ്ടായിരുന്നു. പ്രായവും ജാതിയുടെ മതിൽക്കെട്ടുകളും ഇരുവരുടെയും സംഗമത്തിനു തടസ്സങ്ങളായിരുന്നില്ല. മകളുടെ ഉത്തമനോടുള്ള സ്നേഹപ്രകടനങ്ങളിൽ പലപ്പോഴും മുകാമി വാരസ്യാർ അസ്വസ്ഥത പ്രകടിപ്പിക്കാറുണ്ടെങ്കിലും അത് നിയന്ത്രിക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്. ഒരു ദിവസം രാത്രിയിൽ മകളുടെ മുറിയിൽ നിന്നും ഒരു പുരുഷന്റെ നിഴൽ നടന്നകലുന്നത് ഹൃദയ വേദനയോടെ നോക്കി നിൽക്കാൻ മാത്രമെ ആ പരിണിതപ്രജ്ഞയായ അമ്മയ്ക്ക് കഴിഞ്ഞുള്ളു.പാപഭാരം ഉള്ളിൽ ചുമന്നുകൊണ്ട് അമ്മ മകളോട് ചോദിച്ചു. 'അമ്മയുടെ തെറ്റിൽ നിന്നും ഒന്നും പഠിക്കാൻ ന്റെ മോൾക്കായില്ലാല്ലേ ? ' അതിനപ്പുറം പറയാനുള്ള ശേഷിയോ വാക്കുകളോ ആ അമ്മയുടെ മനസിൽ ഉണ്ടായിരുന്നിട്ടുണ്ടാവില്ല. 'ഉത്തമനെ വിശ്വസിക്കാം ചതിക്കില്ല' എന്നാണ് മാനു ശക്തമായി സമർത്ഥിച്ചത്. പക്ഷെ മുകാമി വാരസ്യാർക്ക് കാലം കരുതി വച്ച അതെ സമ്മാനം മകൾക്കായി കിട്ടിയെന്നത് വിധിവൈപരിധ്യമായി പരിണമിച്ചു.

സാമൂഹ്യ പ്രവർത്തകനും എസ് എൻ ഡി പി ഭാരവാഹിയുമായ സഹദേവൻ കോൺട്രേ ക്റ്ററാണ് ഉത്തമന്റെ പിതാവ്. മുകാമി വാരസ്യാർ ഉത്തമന്റെ വീട്ടിൽച്ചെന്ന് തന്റെ മകളും ഉത്തമനുമായുള്ള ബന്ധത്തെക്കുറിച്ച് പിതാവുമായി സംസാരിച്ചു. തന്റെ മകന്റെ നടപടിയിൽ ആ പിതാവിന് തെല്ലും കുറ്റബോധം തോന്നിയില്ല. 'കുട്ടികളുടെ ഈ പ്രായത്തിലെ ചാപല്യമായി ഇതിനെ കണ്ടാൽ മതി ' ഒഴുക്കൻ മട്ടിൽ അയാൾ മറുപടി പറഞ്ഞു. 'നിങ്ങൾക്ക് ഇങ്ങനെ പറയാം പറ്റിയതു മുഴുവൻ എന്റെ മകൾക്കല്ലേ ' വാരസ്യാർ ഹൃദയവേദന പങ്കവച്ചു .' ഞാൻ എന്താണ് ചെയ്യേണ്ടത് ' സഹദേവൻ ചോദിച്ചു 'അവരുടെ വിവാഹം നടത്തി കൊടുക്കണം ' മറ്റൊന്നും ആ അമ്മയ്ക്ക് പറയാനുണ്ടായിരുന്നില്ല. 'വാരസ്യാർ പോയ്ക്കോളു തൽക്കാലം ഇതാരും അറിയേണ്ട നമുക്ക് വേണ്ടത് ചെയ്യാം ' സഹദേവൻ ഇത്രയും പറഞ്ഞ് വാരസ്യാരെ യാത്രയാക്കി.

ഭൂമി പിളർന്നു താനതിൽ താഴ്ന്ന പോയെങ്കിലെന്ന് ആ അമ്മ ആഗ്രഹിച്ചു. തനിക്ക് പറ്റിയ അതേ വിധി തന്റെ മകൾക്കും സംഭവിച്ചു. എല്ലാം തന്റെ മുൻ ജന്മ പാപമെന്ന് കരുതി അവർ സമാധാനിച്ചു. ഈഴവ സമുദായത്തിലെ ഉത്തമനുമായി തന്റെ മകൾക്ക് വിവാഹാഭ്യാർത്ഥനയ്ക്കായി ചെല്ലുന്നതിൽ മാതാവിന് തെല്ലും അഭിമാനക്ഷതം തോന്നിയില്ല. മകൾക്ക് സംഭവിച്ച ദുര്യോഗത്തിനേക്കാൾ വലുതല്ലല്ലോ ജാതിപരമായ വൈരുദ്ധ്യം എങ്ങനെയെങ്കിലും മകളെ ഉത്തമന്റെ കയ്യിലേൽപ്പിക്കണമെന്ന ചിന്തയാണ് അവർക്കുണ്ടായിരുന്നത്.

ഉത്തമൻ മാനുവിന്റെയടുക്കൽ വരാതെയായി. ഫോണിൽ വിളിച്ചിട്ടും കിട്ടാത്ത സ്ഥിതിയായി. കാര്യങ്ങൾ കൈവിട്ടുപോയെന്നു മാനുവിന് മനസിലായി. ഉത്തമനെ മറ്റെവിടെയോ മാറ്റി പാർപ്പിച്ചിരിക്കുന്നു. ഉത്തമന്റെ പിതാവ് ഒരു ദിവസം വീട്ടിൽ വന്നു, മാനുവിനോടും അമ്മയോടും സംസാരിച്ചു. 'എന്റെ മോന് പറ്റിയ തെറ്റിന് ഞാൻ ക്ഷമ ചോദിക്കുന്നു. എന്തു പരിഹാരമാണ് ഞാൻ ചെയ്യേണ്ടത്. നിങ്ങൾ ചോദിക്കുന്ന പണം ഞാൻ തരാം. നമുക്ക് ഒരു ഡോക്ടറെ കണ്ട് പരിഹാരം കാണാം. കൊള്ളാവുന്ന ഒരാളെ ഞാൻ കൊണ്ടുവന്നു വിവാഹം കഴിപ്പിയ്ക്കാം. ഇത്രയ്ക്കേ എനിക്ക് ചെയ്യാൻ പറ്റൂ. ഉത്തമനെ ഇനിയും നിങ്ങൾ പ്രതീക്ഷിക്കേണ്ട ' സഹദേവൻ കൃത്യമായ പദ്ധതി മുന്നോട്ടുവച്ചു. ഒറ്റമുറിയുള്ള വീടിന്റെ അകത്തിരുന്നു തന്റെ വിധിയെ ഓർത്തു കരയുന്ന പെൺ ജീവിതമായിരുന്നില്ല മാനവിയുടെതു. കഴുത്തിൽ സ്വർണത്തിൽ പൊതിഞ്ഞ രുദ്രാക്ഷമാലയും ഒട്ടുമിക്ക വിരലുകളിലും സ്വർണ മോതിരവുമണിഞ്ഞ സഹദേവൻ മുതാലാളിയോട് 'നിങ്ങൾക്ക് ആവശ്യത്തിലേറെ പണമുണ്ടെന്നിനിക്കറിയാം അത് നിങ്ങളുടെ കയ്യിൽ തന്നെ വച്ചാൽ മതി, എന്റെ മാനത്തിന് വില പറയാൻ ഞാൻ ആരേയും അനുവദിക്കില്ല. നിയമപരമായ അവകാശമെനിക്കറിയാം പക്ഷെ ഒരു രൂപ ചോദിച്ച് ഞാൻ നിങ്ങളുടെ മുമ്പിൽ വരികയില്ല. താങ്കൾക്ക് സമാധാനമായി പോകാം' ഒരു പെൺകരുത്തിന്റെ ധീരമായ ശബ്ദം അയാൾ ആദ്യമായി കേൾക്കുകയായിരുന്നു. 'ഞാൻ പറയാനുള്ളതു പറഞ്ഞു ബാക്കിയെല്ലാം ആലോചിച്ചു ചെയ്യു,ഞാൻ ഇറങ്ങുന്നു' അയാൾ കടമ നിർവഹിച്ച് ഇറങ്ങിപ്പോയി.

ജീവിത യാത്രക്കിടയിൽ പലപ്പോഴും നഷ്ടങ്ങളേറെയും സംഭവിയ്ക്കുന്ന വിഭാഗ

മാണല്ലോ സ്ത്രീകൾ. ഒരു പുരുഷനാൽ വഞ്ചിക്കപ്പെട്ട തനിയ്ക്കു മറ്റൊരു പുരുഷനെ വഞ്ചിക്കാനുള്ള കരുത്തുണ്ടായിരുന്നില്ല. സ്വയം സംരക്ഷിക്കാൻ കഴിയാത്തതിലുള്ള പരാജയബോധത്താൽ മറ്റുള്ളവരുടെ മുമ്പിൽ എന്നും തല കുനിയ്ക്കാൻ വിധിയ്ക്കപ്പെട്ടവൾ. ഒടുവിൽ മാനവും നാണവും നഷ്ടപ്പെടുമ്പോൾ പലരും ചെയ്യുന്നപ്പോലെ ജീവിതമവസാനിക്കാൻ മാനു തയ്യാറായിരുന്നില്ല.

സഹദേവൻ പറഞ്ഞതനുസരിച്ച് രാമൻ നായർ ഒരു ആലോചനയുമായി വന്നു. ചാവക്കാട്ടുകാരനായ അമ്പത്തിരണ്ടു വയസുള്ള പ്രഭാകരൻ നായർ, ആദ്യഭാര്യയാൽ ഉപേക്ഷിക്കപ്പെട്ട പ്രഭാകരൻ നായർക്ക് കുട്ടികളുണ്ടായിരുന്നില്ല. മൂപ്പരും അയാളുടെ അമ്മയുമായാണ് മാനുവിന കാണാൻ വന്നത്. പതിവു ചടങ്ങുകൾക്കിടയിൽ ചെറുക്കനും പെണ്ണുമായുള്ള സ്വാകാര്യ സംഭാഷണത്തിനുള്ള അവസരമായപ്പോൾ സംസാരിച്ചതു മുഴുവനും മാനുവായിരുനു. നായരോട് മാനു തനിക്കുണ്ടായതെല്ലാം തുറന്നു പറഞ്ഞു. 'തന്റെ വയറ്റിൽ വളരുന്ന ജീവനെ നശിപ്പിക്കാൻ മാത്രം പറയരുത് ' അതായിരുന്നു മാനുവിന്റെ ആവശ്യം 'വിവാഹം കഴിഞ്ഞിട്ടും കുട്ടികളില്ലാതിരുന്ന എനിക്ക് ദൈവം തന്ന നിധിയായി ഞാൻ ഈ കുഞ്ഞിനെ കണ്ടോളാം' ഇതായിരുന്നു നായരുടെ ഉറപ്പ്. പെരും മഴയത്ത് നനഞ്ഞ് കുതിർന്നപ്പോൾ ശരീരത്തിലെയും മനസ്സിലേയും അഴുക്കുകളെല്ലാം വാർന്നു പോയ അവസ്ഥയിലേക്ക് മാനവി അവസ്ഥാന്തരം പ്രാപിച്ച പോലെയായി.വലിയ ചടങ്ങുകളൊന്നുമില്ലാതെ പുത്തൂർ കാവ് ഭഗവതി ക്ഷേത്രത്തിൽ വച്ചു തന്നെ വിവാഹം നടന്നു.

പ്രഭാകരൻ നായരും മാനവിയും അവളുടെ കുഞ്ഞുമായി സംതൃപ്ത ജീവിതം നയിച്ചു പോന്നു. നായർ ഇടയ്ക്ക് ചാവക്കാടുള്ള അയാളുടെ വീട്ടിലും പിന്നെ മാനുവിന്റെ വീട്ടിലുമായി താമസിച്ചു പോന്നു.

നാലോ അഞ്ചോ വർഷങ്ങൾക്കുശേഷം ഉത്തമൻ നാട്ടിൽ തിരിച്ചു വന്നു താമസമായി. പലപ്പോഴും മാനുവിനെ അകലെ നിന്നു കണ്ടിരുന്നെങ്കിലും അടുത്തു വരാനോ സംസാരിക്കാനോ അയാൾക്കു അവസരം കിട്ടിയിരുന്നില്ല. മകളെ സ്കൂളിൽ കൊണ്ടുപോകാനായി കുട്ടാടൻ പാടം കടന്നു വേണം സ്കൂളിലെത്താൻ. സാധാരണ മറ്റു കുട്ടികളോടു കൂടിയാണ് മാളുവും പോയിരുന്നത്. ഇടവപ്പാതിയിൽ പാടത്തും വരമ്പത്തും പെയ്ത്തു വെള്ളം ധാരാളമുണ്ട്. വരമ്പിന്നിരുവശത്തും മുക്കുറ്റിയും കയ്യോന്നിയും പേരറിയാത്ത ഒരുപാടു പൂച്ചെടികളും പൂത്തു നിൽക്കുന്നുണ്ട്. മാളു നടന്നു പോകവെ പൂവിറുക്കുവാൻ ശ്രമിക്കുന്നുണ്ട്. ' വീഴാതെ നടക്കൂ മോളേ പൂ പിന്നെ പൊട്ടിയ്ക്കാം. എന്നും പറഞ്ഞു അവർ രണ്ടു പേരും നടന്നു. ആകാശം തെളിഞ്ഞിട്ടുണ്ട്. ഇടവപ്പാതിയിലെ മഴയെല്ലാം പെയ്തു കഴിഞ്ഞെന്നാണ് തോന്നുന്നത്. പാടവരമ്പത്ത് ആരേയും കാണുന്നില്ലാന്നു പറയാൻ പറ്റില്ല, ഒരാൾ ദൂരെ നിന്നും നടന്നു വരുന്നുണ്ട്. ആരെ യെങ്കിലും കാണുന്നത് ഒരാശ്വാസമാണല്ലോ? അടുത്തു വന്നപ്പോഴാണ് ആളെ മനസിലായത്. ഉത്തമനായിരുന്നു.

മുക്കുറ്റിയും കയ്യോന്നിയും കടന്നു മുള്ളുകൾ പടർന്നു നിൽക്കുന്ന തൊട്ടാവാടി വരമ്പിനിരുവശത്തും പൂത്തുനിൽക്കുന്നുണ്ട്. മാനുവും ഉത്തമനും ഒരു നിമിഷം മുഖാമുഖം നിന്നു. തെളിഞ്ഞ ആകാശം മേഘാവൃതമായി, മാനുവിന്റെ മനസിൽ തീഷ്ണമായ ഇടിമിന്നൽ രൂപം കൊണ്ടു. 'മാനു ' അയാൾ ചുണ്ടുകളനക്കി, അവളുടെ കണ്ണുകളിൽ മിന്നലിന്റെ തീജ്വാലകൾ പടർന്നു കയറി 'എന്നോടുള്ള പക തീർന്നിട്ടില്ലാല്ലേ ?' അയാൾ വാക്കുകൾക്കു വേണ്ടി പരതുകയായിരുന്നു. 'പൊറുക്കാനാകാത്ത തെറ്റാണ് ഞാൻ ചെയ്തത്. എനിക്ക് മാപ്പുതരണം' വിറയാർന്ന അക്ഷരങ്ങൾ കൂട്ടിച്ചേർത്തു അയാൾ പറഞ്ഞു. 'ഉത്തമാ നീ പിശാചിന്റെ ജന്മമാണ്. നിന്നെ ഒരിക്കലും കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല. 'തീഷ്ണമായ വാക്കുകൾക്ക് ഇടിമുഴക്കത്തിന്റെ ശക്തിയുണ്ടായിരുന്നു. 'ക്ഷമിക്കൂ മാനു ഞാൻ എന്തു പ്രായശ്ചിത്തവും ചെയ്യാം നമുക്ക് പഴയ സാഹൃദമായികൂടെ ?' എന്നു പറഞ്ഞു ഉത്തമൻ മാനുവിന്റെ തോളിൽ കൈവച്ചു. വളരെ പെട്ടെന്നായിരുന്നു മാനുവിന്റെ പ്രതികരണം, അയാളുടെ ഇടത്തേ കവിളിൽ മാനുവിന്റെ വലതു കൈ ആഞ്ഞു പതിച്ചു. ' കടന്നു പോടാ' കലിയിളകിയ ദുർഗ്ഗയെ പോലെ അവൾ ആജ്ഞാപിച്ചു. ഒരു നിമിഷം പോലും നിൽക്കാതെ ഉത്തമൻ ശീഘ്രം നടന്നു. 'ആരാ അമ്മേ' അമ്പരന്ന മാളുവിന്റെ ചോദ്യത്തിന് ഒരു മിനിറ്റിന്റെ മൗനത്തിനു ശേഷം ഒരു ദീർഘാശ്വാസത്തോടെ 'ഒരു വഴിപോക്കൻ' എന്ന ഉത്തരമാണ് മാനു നൽകിയത്.

●

കഥ

# കൈത പൂക്കുന്ന രാത്രി



ഷംല ആവള

രാത്രിയേറെ വൈകിയിട്ടും അമ്മുവിന് ഉറങ്ങാൻ കഴിയാതെ കട്ടിലിൽ കിടന്നു എന്തോ ഓർത്തു മനസ്സ് വിങ്ങുകയാണ്. ഇന്ന് അമാവാസി ആയിട്ടും കൈതപ്പൂവിന്റെ മണം എന്തേ പരക്കാത്തത്.

തുറന്നിട്ട ജാലകവാതിൽ ഒന്ന് കൂടെ കൈ കൊണ്ടു തുറന്നു വിട്ടു കൊണ്ടവൾ ശ്വാസം ഉള്ളിലേക്ക് വലിച്ചു ശ്വസിച്ചു നോക്കി. ഇല്ല, കൈതപ്പൂവിന്റെ മണം

മൂക്കിന്റെ ഏഴയലത്ത് പോലുമില്ല.ജാലകത്തിലൂടെ കാണുന്ന അല്പം ദൂരെയുള്ള ആ കൈതക്കാട്ടിലേക്ക് അമ്മു ആരെയോ പ്രതീക്ഷിച്ചു നോട്ടം പായിച്ചു.

അമ്മു പതിനെട്ടു തികഞ്ഞ സുന്ദരിയായ

പെൺകുട്ടിയാണ്. നുണക്കുഴിക്കവിളും വലതു കവിളിന്റെ താഴെയായി ഒരു കുഞ്ഞു കറുത്ത മറുകും അവളെ കൂടുതൽ മനോഹരി

ആക്കിയിരുന്നു. ചെമ്പകപ്പൂവിന്റെ നിറമുള്ള അവളെ ആര് കണ്ടാലും കൊതിച്ചു പോകും.

എന്നാൽ അമ്മു ഒരു ആൺകുട്ടികളോടും കൂട്ട് കൂടിയില്ലെന്ന് മാത്രമല്ല തന്നെ നോക്കുന്ന ആൺകുട്ടികളെ

ഒന്ന് നോക്കുക പോലും ചെയ്തിരുന്നില്ല.

അവളുടെ പ്രിയപ്പെട്ട കൂട്ടുകാരി തുളസി മരിച്ചതിൽ പിന്നെയാണ് അമ്മു ഇങ്ങനെ

മാറിപ്പോയത്. അത് വരെ വളരെ ഉത്സാഹത്തോടെ കണ്ടിരുന്നതാണ് രണ്ടുപേരെയും എന്നൊക്കെ അവിടെ ഉള്ളോൽക്ക് ഒക്കെ അറിയാം.

അമ്മു അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന സമയത്ത്, ഒരു മഴക്കാലത്തു പാടത്തു വെള്ളം കേറിയ സമയം. വയലിൽ ഒരു കുളത്തിന്റെ കരയിലായി നിറയെ കൈത നിറഞ്ഞു നിന്നിരുന്നു. കൈതപ്പൂ

വിരിയുന്ന സമയമായിരുന്നു അത്. അമ്മുവും തുളസിയും വേറെ ആരും കാണാതെ കൈതപ്പൂ കാണാൻ പോയി. വെള്ളം നിറഞ്ഞ പാടത്തിലൂടെ

പണിപ്പെട്ടു അവർ അവിടെയെത്തി. വാടിനിൽക്കുന്ന പൂ പറിക്കാൻ കൈ നീട്ടിയതും തുളസി ആരോ പിടിച്ചു വലിക്കും പോലെ കുളത്തിന്റെ ആഴത്തിലേക്ക് ആണ്ടുപോയി. അമ്മു കൈ എത്തിച്ചു കൊറേ നേരം അവളെ പിടിക്കാൻ നോക്കിയെ ങ്കിലും എഴുന്നേൽ ക്കാൻ കഴിഞ്ഞില്ല. അമ്മുവിന്റെ കരച്ചിൽ ആ വയലിലെ വെള്ളത്തിൽ അലിഞ്ഞു ചേർന്നു, ഒപ്പം തുളസിയും.

ആരൊക്കെയോ വന്നു ജീവനറ്റ ശരീരം വെള്ളത്തിൽ നിന്നെടുത്തു കൊണ്ടു പോകുമ്പോഴും അമ്മുആരുടെയോ അരികിൽ തളർന്നിരി പ്പായിരുന്നു. അന്ന് നഷ്ടമായതാണ് അമ്മുവിന്റെ ചിരിയും സന്തോഷവും. ഏതൊക്കെയോ മന്ത്ര

വാദികളുടെയും മറ്റും ചികിത്സയിലൂടെ പതിയെ അവൾ തിരിച്ചു വരുമെന്ന വിശ്വാസമായിരുന്നു അവളുടെ അച്ഛനു- മമ്മയ്ക്കും മുത്തശ്ശി ക്കുമൊക്കെ.

അങ്ങനെ കാലം കടന്നു പോയിക്കൊണ്ടിരുന്നു. അമ്മുവിന് വയസ്സ് അറിയിച്ചു. തറവാടിന്റെ പിന്നാമ്പുറത്തെ മുറിയിൽ ആറു ദിവസത്തെ ഏകാന്തവാസം.

കൈതപ്പൂവിന്റെ മണവും ഇരുട്ടും തുളസിയുടെ ഓർമകളും അവളെ ഭയപ്പെടുത്തി. വീണ്ടും പഴയ അവസ്ഥയിലേ ക്ക് മനസ്സ് പിടിവിട്ട് പോകുമോ എന്ന് അമ്മു ഭയന്നു. അവളുടെ അവസ്ഥ കണ്ടു അച്ഛനും മുത്തശ്ശനുമൊക്കെ പുറത്ത് കിടത്താതെ അകത്തെ ഒരു മുറിയിൽ കിടത്താമന്ന് സമ്മതിച്ചു.

പേടിപ്പെടുത്തിയ ആ ആറു ദിവസങ്ങൾ കഴിഞ്ഞതോടെ അമ്മു വീണ്ടും പഴയ പോലെ യായി. ഇടയ്ക്കിടെ അവളെ മാത്രം തേടി വരുന്ന കൈതപ്പൂവി ന്റെ മണം തുളസി യുടെ ആത്മാവ് ആണെന്ന് വിശ്വസിച്ചു. ആദ്യമൊക്കെ അവൾക്ക് പേടി തോന്നിയിരുന്നെങ്കിലും തന്നെ ഉപദ്രവിക്കാ ത്തത് കൊണ്ടു തന്നെ അവളത് കാര്യമാക്കിയില്ല.

ഒരു അമാവാസി നാളിൽ അമ്മു ജാലകത്തോട് ചേർന്ന് കട്ടിലിൽ ഒരു പുസ്തകം വായിച്ചു കൊണ്ടിരിക്കുകയായി രുന്നു. കൈതപ്പൂവിന്റെ ഗന്ധം തന്റെ മൂക്ക് തുളച്ചു കയറി അകത്തേക്ക് പോകുമ്പോലെ അവൾക്ക് തോന്നി. അതോടൊപ്പം ഒരു ഇളം കാറ്റ് അവളെ തഴുകുന്നത് പോലെയും. അവൾ ആരുടെയോ സാന്നിധ്യം അനുഭവിച്ചറിയുകയാ യിരുന്നു. തന്റെ ചാരെ കട്ടി ലിലിരുന്നു തന്റെ മുടിയിഴകളെ കൈവിരൽ തുമ്പ് കൊണ്ടു തടവും പോലെ. അമ്മു ചുറ്റും നോക്കി. ആരും ഇല്ല. പെട്ടെന്ന് ആ കാറ്റ് ശാന്തമായി.ഒരു ഇലപോലും ഇളകാത്ത

നിശബ്ദത. കൈതപ്പൂ മണം അടുത്തെത്തിയ പോലെ. പെട്ടെന്ന് തന്റെ അരികിൽ ഒരു പ്രകാശം പ്രത്യക്ഷപ്പെ ട്ടു. ക്രമേണ ആ കുഞ്ഞു പ്രകാശം വലുതാവാൻ തുടങ്ങി. തന്നെക്കാൾ ഉയരത്തി ൽഉയർന്നു നിൽക്കുന്ന ആ പ്രകാശത്തിനു മനുഷ്യരൂപം പ്രകടമായി വെളുത്ത മുണ്ടുടുത്തു ഒരു മേൽമുണ്ട് കൊണ്ടു ശരീരം മറച്ചു വെളുത്തു നീണ്ട ഒരു പുരുഷൻ. കറുത്ത നീണ്ട പുരികത്തിന് മുകളിൽ വരിയായി കുഞ്ഞു മിന്നാമിന്നി പോലെ തിളങ്ങുന്ന മുത്തുകൾ, അവന്റെ മുഖത്തിലും വെളിച്ചം പകർന്നു.

ആ കൂരിരുട്ടിലും ആ മുഖം തിളങ്ങി നിന്നു. പേടിച്ചു വിറച്ചു നിൽക്കുന്ന അമ്മുവിനെ ആ രൂപം പതിയെ വിളിച്ചു

'അമ്മൂ, എന്റെ അമ്മൂ'

തേനിന്റെ മധുരം കിനിയുന്ന ശബ്ദത്തിൽ ആ രൂപം വിളിച്ചപ്പോൾ അറിയാ

തെ അമ്മു വിളി കേട്ടു പോയി.

'എന്തോ'

ആ ഒരു ശബ്ദം മതിയായിരുന്നു ആ രൂപത്തിന്, ഇനി അവളെ സ്വന്തമാക്കാൻ അവർക്കിടയിൽ തടസ്സങ്ങളില്ലായിരുന്നു.

അവന്റെ ശബ്ദം അവളുടെ ശബ്ദവുമായി ആ വായുവിൽ അലിഞ്ഞു ചേർന്നു.

'അമ്മൂ, ഇനി നിന്നെ ഞാൻ ആർക്കും വിട്ടു കൊടുക്കില്ല. എത്രയോ ജന്മമായി നിനക്ക് വേണ്ടി കാത്തിരിക്കുകയായിരുന്നു ഞാൻ.

ഞാൻ ഒരു ഗന്ധർവ്വൻ ആണ്, നീ എന്റെ പ്രണയിനിയുമായിരുന്നു.എതിർപ്പുകൾ മറികടന്നു അന്ന് നമ്മളൊരുമിക്കാൻ തുനി



ഞ്ഞ ആ നിമിഷം ദേവലോകത്തു നിന്നും ഒരു ദുഷ്ട ഗന്ധർവ്വൻ നമ്മുടെ ബന്ധം ദേവേ ന്ദ്രനെ വിവരം അറിയി ക്കുകയായിരുന്നു. ദേഷ്യപ്പെട്ടു അദ്ദേഹം എന്നെ സ്വർഗത്തിൽ നിന്നും പുറത്താക്കി. നിന്നെ നഷ്ടമായ ഞാൻ ഒരുപാട് കെഞ്ചി നോക്കി. അവസാനം ശാപമോക്ഷമായി അദ്ദേഹം എനിക്ക് തന്ന വരം ആയിരുന്നു നിന്റെ പുനർജ്ജന്മം. ആ ജന്മ ത്തിൽ നീയെന്നെ തിരിച്ചറിഞ്ഞു സ്നേഹിച്ചാൽ നമുക്ക് സ്വർഗത്തിൽ സന്തോഷത്തോടെ ജീവിക്കാനുള്ള അവസരം ദേവൻ തരും.

നിന്റെ ജനനം അറിഞ്ഞത് മുതൽ ഞാൻ നിന്റെ കൂടെ തന്നെ ഉണ്ടായിരുന്നു. അപകടങ്ങളിൽ നിന്നൊക്കെ നിന്നെ രക്ഷിച്ചു കൊണ്ടു നിന്റെ കൂടെ നിന്നു.

കൈത പൂക്കുന്ന സമയം ഞങ്ങളിൽ പ്രണയവും കാമവും ഉണരുന്ന സമയം ആണ്, പ്രത്യേകിച്ച് അമാവാസിയുടെ രാത്രികളിൽ. അന്ന് പകൽ നീകൈതപ്പൂ

പറിക്കാൻ വന്നപ്പോൾ എന്നെ തേടി വരികയാണെന്ന് ഓർത്തു ഞാൻ സന്തോഷിച്ചു. കൂടെ നിന്റെ കൂട്ടുകാരിയെ കണ്ടപ്പോൾ ശരിക്കും എനിക്ക് ദേഷ്യം വന്നു. നിന്നെ അന്ന് എന്റെ പ്രണയത്തിൽ പൊതിയാൻ ആഗ്രഹിച്ച ഞാൻ അവളെ ആ കുളത്തിൽ ആഴ്ത്തുക യായിരുന്നു. മരണം അവളെ കൊണ്ടുപോ കുമെന്ന് കരുതിയില്ല ഞാൻ.'

അത്രയും പറഞ്ഞു കേട്ടപ്പോൾ അമ്മു ബോധരഹിതയായി നിലം പതിച്ചു. ഗന്ധർവ്വന്റെ കണ്ണുനീർതുള്ളി അവളുടെ കവിളിൽ പതിച്ചതോടെ അമ്മു ഞെട്ടിയെഴുന്നേറ്റു. പേടിയോടെ ചുറ്റും നോക്കിയ അമ്മുവിനെ പ്രണയത്തോടെ നോക്കി നിൽക്കുക യായിരുന്നു അവൻ.

'ഇനി എനിക്ക് പോവാൻ സമയമായി. ഞാൻ പോവുന്നു. നിന്റെ പ്രണയം എന്നി ലേക്ക് പകർന്നില്ലെങ്കി ൽ എന്റെ ജന്മം ഇതോടെ അവസാനിക്കും. ഒരു പുനർജ്ജന്മം ഇനി ഉണ്ടാവുകയുമില്ല. നീ ഇല്ലാതെ എനിക്ക് ഒരു ജന്മവും വേണമെന്ന് ഞാൻ ആഗ്രഹിക്കുന്നുമില്ല. നിന്റെ മറുപടി അറിയിക്കൂ. നീ എന്റേ തായി മാറില്ലേ' ഗന്ധർവ്വൻ യാചിക്കും പോലെ അവളോട് ചോദിച്ചു. ഒന്നും പറയാൻ കഴിയാതെ, കണ്ടതൊന്നും വിശ്വസി ക്കാൻ കഴിയാതെ അവൾ ചലനമറ്റു നിന്നു.തന്റെ സമയം കഴിഞ്ഞതോടെ ഗന്ധർവ്വൻ അപ്രത്യ ക്ഷ്യനായി. കുറേ സമയം കഴിഞ്ഞു ഉറക്കമുണർന്ന അമ്മു ചുറ്റും നോക്കി. അവൾക്ക് എന്തൊക്കെയോ നഷ്ടമായത് പോലെ അനുഭവപ്പെട്ടു.

കഴിഞ്ഞ ജന്മത്തിലെ സംഭവങ്ങൾ ഒരു മിന്നായം പോലെ ഓർമകളിൽ തെളിയുന്നു. പിന്നീടുള്ള എല്ലാ രാത്രികളിലും ഗന്ധർവ്വന്റെ വരവിനു വേണ്ടി അമ്മു കാത്തിരുന്നു. കൈത പൂക്കുന്ന രാത്രിയിൽ അവനോടുള്ള പ്രണയം അമ്മുവി ൽ അടക്കി നിർത്താൻ കഴിയാതെ അവൾ അവനെ പ്രതീക്ഷിച്ചു കാത്തിരുന്നു. എന്നാൽ തന്നെ തേടിയെത്തുന്ന കൈതപ്പൂവിന്റെ സുഗ ന്ധമല്ലാതെ ഗന്ധർവ്വന്റെ സാന്നിധ്യം അവൾക്ക് അനുഭവപ്പെട്ടില്ല.

ഇന്ന് അമാവാസി ആയതു കൊണ്ടു അവൾ ഗന്ധർവ്വനെ കാത്തിരിക്കുകയായിരുന്നു. ഏറെ വൈകി യിട്ടും കാണാതായപ്പോൾ അമ്മു കരയാൻ തുടങ്ങി. അത്രയും അവളും ഗന്ധർവ്വനെ മോഹിച്ചു തുടങ്ങിയിരുന്നു. നിരാശയോടെ ഈ ജന്മം അവസാനി പ്പിക്കാൻ പോലും തോന്നിയ നിമിഷം ആയിരുന്നു അത്. പെട്ടെന്ന് ഒരു കുഞ്ഞു വെളിച്ചം ജനലിലൂടെ കടന്നു വന്നു അമ്മുവിനരികിൽ നിന്നു വലുതായി. ഗന്ധർവ്വനെ കണ്ട സന്തോഷം കൊണ്ടു അമ്മു തുള്ളിച്ചാടി.

കൈത പൂത്ത ആ രാവിൽ ഗന്ധർവ്വനും അമ്മുവും പ്രണയവും കാമവും നിറഞ്ഞ നിമിഷങ്ങളിൽ അലിഞ്ഞു ചേർന്നു.

പരസ്പരം ഒന്നായ ശരീരങ്ങൾ ഭാരമില്ലാത്ത പഞ്ഞി കണക്കെ സ്വർഗത്തിന്റെ വാതിൽ കടന്നു പറന്നുപോയി, ഇനിയുള്ള ജീവിതം അവിടെ ജീവിക്കാൻ വേണ്ടി.അപ്പോഴും ആ കൈത പൂത്ത മണം അവിടമാകെ പരന്നു നിന്നിരുന്നു.




കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച




**ആയിഷ ഹനൂന**, 5 A CLASS
MET PUBLIC SCHOOL,
NADAPURM



**ഫൈഹ ആഷിർ**, 3 A
MET PUBLIC SCHOOL
NADAPURM



**ഫെല്ല ആഷിർ**, 5A
MET PUBLIC SCHOOL
NADAPURM



**ആമിനത്ത് അംന**, 7 A ക്ലാസ്
ME T PUBLIC SCHOOL
NADAPURM



**ഷെസ ഫാത്തിമ ടി.കെ**
7 th B
MET public school Nadapuram





**ഫാത്തിമ നൂർ അൽ ഹയ**, 2nd D
MET PUBLIC SCHOOL
NADAPURM



സെയ്‌വ എമിനി, SKG B
MET PUBLIC SCHOOL
NADAPURM



അഥീന കെ. ഇ, class 3 B
MET PUBLIC SCHOOL
NADAPURM




ഹൈസ മെഹസബീൻ
2nd-D
MET PUBLIC SCHOOL
NADAPURM




മുഹമ്മദ്
Class 5
MET PUBLIC SCHOOL
NADAPURM



ALAINA K S, Class X
St. Antony's H S S School, Pazhuvil





AZBAN HUSSAIN K S
CLASS :II
Le mer Public School, Thriprayar




**ജസിയ**. L.J, Std.1C
സെന്റ് മേരീസ് സി ബി പി എസ്
കൊട്ടേക്കാട്



**ദിയ ഡെൽസൺ,** 1. C
സെന്റ്.മേരീസ്, സിബി പി എസ്
കൊട്ടേക്കാട്



**സൂര്യഗായത്രി**
4 A, സെന്റ് മേരീസ് സി.ബി.പി.എസ്,
കൊട്ടേക്കാട്



**Aarohi J,** St. Marys C. B. P. S. Kottekad
Standard 1- C





**ദ്വിവിക് വർമ്മ** C.K, 2nd Std
ANMMUPS തളി



ആരാധ്യ വർമ്മ സി.കെ, 6th Std
ANMMUPS തളി



ലക്ഷ്മി പ്രിയ.കെ.പി,
10 Std,
SDVHS Peramangalam




സൗരവ് എം കെ, 5 std,
ശ്രീവ്യാസ വിദ്യാനികേതൻ
പുഴക്കര എരമംഗലം

## പൂമ്പാറ്റ രക്ഷപ്പെട്ടു

ഒരു ദിവസം അമ്മുകുട്ടി മുറ്റത്തിറങ്ങി അതാ ഒരു പൂമ്പാറ്റ അവൾ അതിനെ പിടിക്കാൻ ചെന്നു അതേ സമയത്ത് വികൃതിയായ അപ്പുവും വന്നു. രണ്ടാളും പൂമ്പാറ്റയെ പിടിക്കാൻ ഓടി. ഒടുവിൽ പൂമ്പാറ്റയെ പിടിച്ചു. ഞാനാ പിടിച്ചേ അല്ല ഞാനാ രണ്ടാളും അടികൂടാൻ തുടങ്ങി അവരുടെ അച്ഛനും അമ്മയും വന്ന് നല്ല അടി കൊടുത്തു. എന്നിട്ട് പൂമ്പാറ്റയെ പറത്തി വിട്ടു.

ദ്വിവിക് വർമ്മ ck, 2nd Std
ANMMUPS തളി

## കവിത.

# കല കറയാകുമ്പോൾ

ഇരുപുറം ശൂന്യമാം ഇരുട്ടിൽ
മറുപുറത്തേക്ക് ചിന്തയെ മറിക്കാതെ
ഇരുളറയിൽ കയറുകൾക്കിര-
യാവുന്നതിനെന്തർത്ഥം.

'കല'യായിരുന്ന പ്രണയത്തെ
'കറ' യാക്കിത്തീർത്ത മനുഷ്യനോളം
വാ ഐസികൾ ആരുണ്ട്
മനുഷ്യൻ മറന്നു കഴിഞ്ഞു.

ചിരിയിലൊതുക്കാനുള്ള
പ്രണയലോകത്തെ കണ്ണീരിന്റെ
തീരാക്കഥയായി മാറ്റിയത്
ഹ്രസ്വ കാലം കൊണ്ട് മാത്രം.!

ജീവൻ പാതിയും വിയർപ്പൊയിച്ച്
നേടിയെടുത്ത നിധിയെ പൊടി
തട്ടുമ്പോഴേക്കും ആത്മാവും
ശരീരവും നന്നേ വേർപിരിഞ്ഞു
മനുഷ്യൻ അറിഞ്ഞില്ല!

അനുഭവ വെളിച്ചത്തിൽ
ചലിച്ച പ്രണയത്തിൻ
പാതങ്ങൾ ഇരുട്ടിനെ
നന്നേ പേടിക്കാൻ തുടങ്ങി

അന്ത്യം അതും തേങ്ങിപറയുന്നു..
'മടുത്തു.. ഞാനും ആത്മഹത്യായുധം
ആകുന്നു..'

**ത്വയ്യിബ് മേൽമുറി**
ക്ലാസ് 10
മഅദിൻ സ്കൂൾ ഓഫ് എക്സലൻസ്

## കവിത.

# സ്ട്രീറ്റ് ലൈറ്റ്

ഒടുവിൽ, പ്രകൃതിയും മൗനത്തിനടിമപ്പെട്ടു.
എത്ര മായ്ച്ച് കളഞ്ഞിട്ടും കണ്ണുനീര്
പിന്നെയും പിന്നെയും ഒലിച്ചിറങ്ങുകയാ
ണ്.
അവൻ തന്നിട്ടു പോയ സ്വപ്നങ്ങൾ,
പ്രണയ മാധുര്യത്തിന്റെ സുഖങ്ങളാണ്,
ഇന്നവൾക്ക് ചുറ്റും തീക്കനലുകളായി
വന്ന് ഹൃദയം പൊള്ളിക്കുന്നത്.

ഉപ്പയുടെ തുടരെത്തുടെരെയുള്ള മടക്ക
വിളിയെ
പ്രണയത്തിരമാലയിലകപ്പെട്ട്
മുഖം തിരിച്ച രാവുകൾ,
ഉമ്മ കെട്ടിയ തൂക്കുകയർ
മുറുകെക്കെട്ടിയത്,
എല്ലാം അവന് വേണ്ടിയായിരുന്നു.
പക്ഷെ, ഇന്നിതാ അവൾക്ക് മുന്നിൽ
തല പിളർന്ന്, ചോര തുപ്പി
കിടക്കുന്നവൻ,
ലഹരിയിലായിരുന്നത്രെ...

അതാണവളവസനമായി കേട്ടത്
റോഡരികിലെ സ്ട്രീറ്റ് ലൈറ്റിനു താഴെ
അവളവന് കാവലിരുന്നു.
എവിടുന്നോ വന്ന കാറ്റിൽ,
പ്രണയ സുഖങ്ങൾ മറന്നവൾ
മുക്കും പൊത്തി എവിടേക്കെന്നില്ലാതെ
അവളുടെ മരവിച്ച കാലുകൾ ചലിപ്പിച്ചു
തുടങ്ങി.

ഒരു പ്രണയമില്ലാതാക്കിയ
ഒരു കൂട്ടം പ്രണയങ്ങളായിരുന്നവളുടെ
ചിന്തകൾ...

**ദാനീൻ ജവാദ് വെള്ളിയാമ്പുറം**
ക്ലാസ് 10
മഅദിൻ സ്കൂൾ ഓഫ് എക്സലൻസ്